# 53

# ശത്രുക്കളോടുള്ള യേശുവിന്റെ ഉത്തരങ്ങൾ

## (22:15- 46)

യേശുവിന്റെ ശത്രുക്കൾ തനിക്ക് അവമതിപ്പുണ്ടാക്കുവാൻ ശ്രമിച്ചപ്പോൾ, അവൻ അവയോട് പോരാടുന്നതിനെ കുറിച്ചാണ് ഈ അദ്ധ്യായത്തിൽ അധികവും. ആ എതിരാളികളിൽ പരീശന്മാരും ഹെരോദ്യരും (22:15–22), സദൂക്യരും (22:23–33), പരീശ ന്യായശാസ്ത്രിയും ഉൾപ്പെടുന്നു (22:34–40). "ക്രിസ്തു"വിനെ കുറിച്ചുള്ള ഒരു ചോദ്യത്തോടെ പരീശന്മാരെ അവൻ മിണ്ടാതാക്കിയതോടുകൂടെയാണ് അദ്ധ്യായം അവസാനിക്കുന്നത് (22:41–46).

### കരം കൊടുക്കുന്നതിനെ കുറിച്ചുള്ള ചോദ്യം (22:15-22)

**15അനന്തരം പരീശന്മാർ ചെന്നു അവനെ വാക്കിൽ കുടുക്കേണ്ടതിന്നു
ആലോചിച്ചുകൊണ്ട്, 16തങ്ങളുടെ ശിഷ്യന്മാരെ ഹെരോദ്യരോട്കൂടെ
അവന്റെ അടുക്കൽ അയച്ചു, "ഗുരോ, നീ സത്യവാനും ദൈവത്തിന്റെ വഴി
നേരായി പഠിപ്പിക്കുന്നവനും മനുഷ്യരുടെ മുഖം നോക്കാത്തവൻ ആക
യാൽ ആരെയും ശങ്കയില്ലാത്തവനും ആകുന്നു എന്നു ഞങ്ങൾ അറിയുന്നു.
നിനക്ക് എന്തു തോന്നുന്നു? 17കൈസർക്ക് കരം കൊടുക്കുന്നത് വിഹിതമോ
അല്ലയോ? എന്നു പറഞ്ഞു തരേണം" എന്നു പറയിച്ചു. യേശു അവരുടെ
ദുഷ്ടത അറിഞ്ഞു· 18"കപടഭക്തിക്കാരേ, നിങ്ങൾ എന്നെ പരീക്ഷിക്കുന്ന
ത് എന്ത്? 19കരത്തിനുള്ള നാണയം കാണിപ്പിൻ" എന്നു പറഞ്ഞു. അവർ
അവന്റെ അടുക്കൽ ഒരു വെള്ളിക്കാശ് കൊണ്ടുവന്നു. 20അവൻ അവരോട്
"ഈ സ്വരൂപവും മേലെഴുത്തും ആരുടേത്" എന്നു ചോദിച്ചതിന്ന് 21"കൈസ
രുടേത്" എന്ന് അവർ പറഞ്ഞു. "എന്നാൽ കൈസർക്കുള്ളത് കൈസർക്കും
ദൈവത്തിനുള്ളത് ദൈവത്തിനും കൊടുപ്പിൻ" എന്ന് അവൻ അവരോട് പ
റഞ്ഞു. 22അവർ കേട്ട് ആശ്ചര്യപ്പെട്ട് അവനെ വിട്ടു പൊയ്ക്കളഞ്ഞു.**

**വാക്യം 15.** യേശുവിനെതിരായി ഏറ്റവും കൂടുതൽ സംസാരിച്ചിരുന്നത് **പരീശന്മാരായിരുന്നു** (3:7; 15:1 ന്റെ പരാമർശം നോക്കുക). മതപരമായ പ്രശ്നങ്ങളെ കുറിച്ചായിരുന്നു മുഖ്യമായും ചോദിച്ചിരുന്നത് (9:11, 34; 12:2, 24, 38; 15:1, 2; 16:1; 19:3). ഈ സമയത്ത്, യേശു ഉപമകളിൽകൂടെയായിരുന്നു തങ്ങളോട് പറഞ്ഞതെന്ന് അവർക്ക് മനസിലാകുകയും, അവർക്ക് അത് ഇടർച്ചയാകുകയും ചെയ്തു (21:45). ആളുകളെ ഭയന്ന് അവനെ പരസ്യമായി പിടിപ്പാൻ അവർക്ക് കഴിഞ്ഞില്ലെങ്കിലും (21:46), അവർ അവനെ വിട്ട് പോയി അവൻ പറയുന്ന വാക്കിൽ അവനെ എങ്ങനെ **കുടുക്കാമെന്ന് ആലോചന കഴിച്ചു.**

**വാക്യം 16.** നേരിട്ട് യേശുവിനോട് ഏറ്റുമുട്ടുന്നതിനു പകരം, പരീശന്മാർ **തങ്ങളുടെ ശിഷ്യന്മാരെയാണ് അവന്റെ അടുക്കൽ അയച്ചത്.** അവർ അവരുടെ

പാഠശാലയിലെ വിദ്യാർത്ഥികളായിരുന്നു - പരീശനായിരുന്ന ഗമാലിയേലിന്റെ കാൽക്കിഴിൽ ഇരുന്നു ശൗൽ പഠിച്ചതുപോലെ (പ്രവൃ. 5:34; 22:3). തങ്ങളുടെ ശിഷ്യന്മാരേയും ഹെരോദ്യരേയും യേശു മിണ്ടാതാക്കിയശേഷം, പരീശന്മാർ നേരിട്ട് യേശുവിനെ ഏറ്റുമുട്ടുവാൻ തീരുമാനിച്ചു (22:34).

പരീശന്മാരുടെ ശിഷ്യന്മാർ ഈ ഏറ്റുമുട്ടലിനു **ഹെരോദ്യരുമായി** കൂട്ടു കൂടിയിരുന്നു. പരീശന്മാരും ഹെരോദ്യരും സ്വാഭാവിക ശത്രുക്കളായിരുന്നു, കാരണം രണ്ടാമത്തെ കൂട്ടർ ഹെരോദാവ്മാരുടെ[1] ഭരണത്തെ അനുകൂലിച്ചി രുന്നു, പക്ഷെ അവരുടെ പൊതു ശത്രു - യേശുവിനെ നേരിടുവാൻ അവർ യോജിച്ചു.[2] "എന്റെ ശത്രുവിന്റെ ശത്രു എന്റെ സ്നേഹിതനാണ്" എന്ന പ ഴമൊഴി ഇവിടെ പ്രായോഗിമാകുന്നു.

ഹെരോദ്യർ മത സംഘടനയായിരുന്നില്ല, അവർ ഒരു രാഷ്ട്രീയ സംഘ വുമല്ലായിരുന്നേക്കാം. ഈ സമയത്ത്, അവർ ഹെരോദാവ് അന്തിപ്പാസിനെ പി ന്താങ്ങിയിരുന്നവരായിരുന്നു, അവൻ റോമിനാൽ നിയമിക്കപ്പെട്ട് ഗലീലയും പെറിയയും വാണുകൊണ്ടിരുന്നു. ഹെരോദ്യർക്ക് നേരെ എതിരായിരുന്നു മതഭ്രാന്തന്മാർ. അവർ രാഷ്ട്രീയമായും, സൈനികമായും പ്രവർത്തിച്ചിരു ന്നു. അതിരുകവിഞ്ഞ രാജ്യസ്നേഹികളായിരുന്ന ഈ യെഹൂദന്മാർ, റോമാ ക്കാർ വാഗ്ദാനദേശം കൈവശമാക്കിയതിനെ വെറുത്തിരുന്നു. യേശുവിന്റെ ശിഷ്യന്മാരിൽ ഒരാളായിരുന്ന ശിമോൻ ആ സംഘത്തിൽ പെട്ടയാളായിരുന്നു (ലൂക്കൊ. 6:15).

ഗ്രീക്ക്-റോമാ ലോകത്തിൽ മുഖസ്തുതി പ്രയോഗിക്കൽ ദുരാചാരമായി രുന്നു.[3] എങ്ങനെയായാലും, പരീശ ശിഷ്യന്മാർക്കും ഹെരോദ്യർക്കും യേശു വിനെ കുടുക്കുവാനുള്ള ശ്രമത്തിൽ അത് ബാധകമാക്കിയില്ല. അവനെ **ഗുരു** എന്നു സംബോധന ചെയ്തശേഷം, അവൻ വിശ്വസ്തനാണെന്നും അവർ പ്ര കടമാക്കി - അതായത്, "ഒരു സത്യസന്ധൻ," അല്ലെങ്കിൽ, "ആത്മാർത്ഥതയു ള്ളവൻ." (എൻഐവി). **സത്യത്തിൽ, ദൈവവഴി പഠിപ്പിക്കുന്നവൻ** ആണ് അവൻ എന്നും അവർ പറഞ്ഞു. യേശു ആർക്കും **എതിരല്ല** എന്നാണ് അവ രുടെ മുഖസ്തുതിയിൽ ഉൾപ്പെടുത്തിയത്. അവൻ ആരോടും **മുഖപക്ഷം** കാണിക്കുന്നുമില്ല. ഗ്രീക്ക് വേദഭാഗം അക്ഷരികമായി പറയുന്നു, "നീ ആളു കളുടെ മുഖം നോക്കുന്നില്ല."

യേശുവിന്റെ ശത്രുക്കൾ ഈ വാക്യത്തിൽ പറഞ്ഞതൊക്കെയും സത്യമാ യിരുന്നു. തീർച്ചയായും, അവർ പറഞ്ഞതിലൊന്നിലും അവർക്ക് വിശ്വാസമി ല്ലായിരുന്നു, ഉണ്ടായിരുന്നുവെങ്കിൽ അവർ അവനെ അനുഗമിക്കുമായിരുന്നു. പകരം, അവർ ആ വാക്കുകളെല്ലാം പറഞ്ഞത് അവനെ കുടുക്കേണ്ടതിനാ യിരുന്നു.

**വാക്യം 17.** പിന്നെ, കൈസർക്ക് കരം-കൊടുക്കുന്നതു വിഹിതമോ എന്നു ചോദിച്ചു. "വിഹിതം" എന്നത് "അവകാശം" എന്നും (എൻഐവി), അല്ലെങ്കിൽ "അനുവദനീയം" എന്നും (എൻജെബി) തർജിമ ചെയ്യാം. ന്യായപ്രമാണത്തിൽ അത് ആധികാരികമാണോ എന്നതായിരുന്നില്ല അവരുടെ ചോദ്യം. ജെഎൻടി യിൽ "റോമൻ ചക്രവർത്തിക്കു കരം കൊടുക്കുന്നത് തോറാ അനുവദിക്കു ന്നുണ്ടോ?" എന്നതായിരുന്നു.

ഏതു വിധത്തിൽ അതിന് ഉത്തരം പറഞ്ഞാലും അത് യേശുവിനു കുഴപ്പം സൃഷ്ടിക്കുമായിരുന്നു. "അല്ല" എന്നാണ് അവൻ ഉത്തരം പറഞ്ഞതെങ്കിൽ, ഹെരോദ്യർ ആ വിവരം ചക്രവർത്തിയെ അറിയിക്കുകയും, റോമൻ അധികാ

രികൾ അവനെ രാജ്യദ്രോഹ കുറ്റം ചുമത്തി മരണത്തിന് ഏൽപിക്കുകയും ചെയ്യുമായിരുന്നു (ലൂക്കൊ. 23:2). "ആണ്" എന്നാണ് ഉത്തരം നൽകിയതെങ്കിൽ, പരീശന്മാർ അവനെ യെഹൂദന്മാരുടെ കയ്യിൽ ഏൽപിക്കുമായിരുന്നു. അവരിൽ മിക്കപേരും റോമാക്കാരെ വെറുക്കുവാൻ കാരണം അവരുടെ പ്രദേശം അവർ കൈവശപ്പെടുത്തിയതിനാലായിരുന്നു.

കൈവശ-പ്പെടുത്തിയ ദേശത്തു താമസിക്കുന്ന പതിനാലു വയസിനും അറുപത്ത-ഞ്ചു വയസിനും മദ്ധ്യേ പ്രായമുള്ള പുരുഷന്മാരെല്ലാം വർഷത്തിൽ ഒരു പ്രാവശ്യം കൊടുക്കേണ്ടതായിരുന്നു "കരം" (*കെൻസോസ്*). ഇടക്കിടക്ക് റോം ജനസംഖ്യാ കണക്കെടുപ്പ് നടത്തിയിരുന്നതിന്റെ ഒരു കാരണം ഇതായിരുന്നു (ലൂക്കൊ. 2:1-4). റോമാക്കാരിൽ കരം ചുമത്താതിരുന്നത് യെഹൂദന്മാരുടെ വിദ്വേഷത്തിന് കാരണമായി. പാലസ്തീനെ ഭരിക്കുവാനുള്ള റോമിന്റെ അവകാശത്തെയാണ് അത് ഊന്നിയിരുന്നത്. യിസ്രായേലിന്റെ രാജാവ് ദൈവമാകയാലും, മറ്റൊരു രാജ്യം അവരെ ഭരിക്കുവാൻ ദൈവം അനുവദിക്കാത്തതിനാലുമാണ് പരീശന്മാർ ഈ കരത്തെ എതിർത്തിരുന്നത് (ആവ. 17:14, 15). ജാക് പി. ലൂയിസ് എഴുതി, "യെഹൂദ ദേശം വീഴുകയും ഹെരോദാവ് അവരുടെ മേൽ ആധ്യപത്യം നടത്തുകയും ചെയ്തതുമുതൽ കരം കൊടുക്കുന്നതു മോശയുടെ ന്യായപ്രമാണപ്രകാരം കരം കൊടുക്കുന്നതു വിഹിതമോ അല്ലയോ എന്ന ചോദ്യം ഉയർന്നിരുന്നു," അത് ഏ. ഡി. 132-135 ലെ ബാർകോക്ബോ വിപ്ലവം ജ്വലിപ്പിക്കുകയും ചെയ്തു.[4] ഏ. ഡി. 6-ൽ, യേശു ഒരു ബാലനായിരുന്നപ്പോൾ, ഗലീലക്കാരനായിരുന്ന യൂദാ ഈ കരം നിമിത്തം ഒരു പ്രക്ഷോഭം ആരംഭിച്ചു (പ്രവൃ 5:37).[5]

**വാക്യം 18.** ആ പുരുഷന്മാരുടെ മനസിൽ എന്തായിരുന്നു എന്നും അവരുടെ ചോദ്യത്തിനു പിന്നിൽ എന്തായിരുന്നു എന്നും **യേശു** അറിഞ്ഞിരുന്നു (യോഹ. 2:24, 25). അവർ തന്നെ **പരീക്ഷിക്കുകയായിരുന്നു** അല്ലെങ്കിൽ "പരിശോധിക്കുകയായിരുന്നു" എന്ന് അവൻ അറിഞ്ഞിരുന്നു (4:1; 16:1 ന്റെ പരാമർശം നോക്കുക). അവരുടെ ചോദ്യത്തിന് ഒറ്റ ഉത്തരം നൽകുന്നതിനു പകരം, അവർ കാപട്യമുള്ളവരാണെന്ന് ബോധ്യമാക്കുകയായിരുന്നു (6:2, 5 ന്റെ പരാമർശം നോക്കുക). യേശുവിനെ കുടുക്കാവുന്നതല്ല. അവരുടെ വഞ്ചന അവൻ മനസിലാക്കിയെന്ന് അവരെ തെര്യപ്പെടുത്തി. സത്യം അറിയുവാനുള്ള ഒന്നായിരുന്നില്ല, മറിച്ച് ചതിക്കുവാനായിരുന്നു എന്ന് അവർ തിരിച്ചറിഞ്ഞിരുന്നു.

**വാക്യം 19.** കർത്താവ് പ്രതികരിച്ചു, **"കരത്തിനുള്ള-നാണയം കാണിപ്പിൻ." "നാണയം"** എന്നതിന്റെ ഗ്രീക്ക് വാക്ക് (*നോമിസ്മാ*) സാധാരണ വിനിമയത്തിലുള്ള നാണയത്തെയാണ് പറയുന്നത്. ആ സമയത്ത് യിസ്രായേൽ ദേശത്ത് പല നാണയങ്ങൾ നിലവിലുണ്ടായുന്നു, **റോമൻ വെള്ളിക്കാശിൽ** മാത്രമെ കരം കൊടുക്കുവാൻ കഴിഞ്ഞിരുന്നുള്ളു. ആ വെള്ളിക്കാശ് കാണിക്കുന്നതിൽ പരീശന്മാരും ഹെരോദ്യരും പരാജയപ്പെട്ടില്ല. വെള്ളിക്കാശ് ഒരു ദിവസത്തെ ഒരാളുടെ വേതനമാകയാൽ, അത് സാധാരണ എല്ലാവരുടെ പക്കലും കാണുമായിരുന്നു (20:2).

**വാക്യം 20.** ആ നാണയം എടുത്ത് കാണിച്ച് യേശു ചോദിച്ചു, **"ഇത് ആരുടെ മേലെഴുത്തും സ്വരൂപവുമാണ്?"** യേശു കയ്യിലെടുത്ത നാണയത്തിന്മേലുണ്ടായിരുന്ന രൂപം ഔഗുസ്തോസിന്റേതായിരുന്നോ (ബി. സി. 31-ഏ. ഡി. 14) അല്ലെങ്കിൽ തിബര്യാസിന്റേതായിരുന്നോ (ഏ. ഡി. 14-37) എന്നു

തീർച്ചയില്ല. ഒന്നാമത്തെ കൈസർ ഗായിയസ് ജൂലിയസ് സീസർ ആയിരുന്നു. “ജൂലിയസ്” വീട്ടുപേരും “കൈസർ” തറവാട്ടുപേരും ആയിരുന്നു. ഉപയോഗിച്ചിരുന്ന ക്രമം (1) പേർ, (2) വീട്ടുപേർ, (3) തറവാട്ടുപേർ ഇങ്ങനെയായിരുന്നു.[6] “കൈസർ” ആദ്യം ജൂലിയസ് സീസറിന്റെ തറവാട്ടുപേരായിരുന്നു, എന്നാൽ അതു പിന്നീട് റോമൻ ചക്രവർത്തിമാർക്കുള്ള സ്ഥാനപേരായി തീർന്നു. ഔഗുസ്തോസിനെയും (ലൂക്കൊ. 2:1), തിബര്യാസിനെയും (ലൂക്കൊ. 3:1), ക്ലൗദ്യോസിനെയും (പ്രവൃ. 17:7; 18:2), നീറോയേയും (പ്രവൃ. 25:8-12; ഫിലി. 4:22) പുതിയനിയമത്തിൽ “കൈസർ” എന്നു വിളിച്ചിട്ടുണ്ട്. യേശു ജനിച്ചപ്പോൾ വാണിരുന്നത് ഔഗുസ്തോസ് ആയിരുന്നു. അതുകൊണ്ട് പഴയ വെള്ളിക്കാശിലായിരിക്കാം അവന്റെ രൂപം ഉണ്ടായിരുന്നത്. യേശു ശുശ്രൂഷ ചെയ്തപ്പോൾ തിബര്യാസ് ആയിരുന്നു ചക്രവർത്തി, ആ സമയത്ത് അവന്റെ രൂപമായിരുന്നു നാണയത്തിന്മേൽ ഉണ്ടായിരുന്നത്.

സന്ദർഭത്തിനു ഏറ്റവും യോജിക്കുന്ന വെള്ളിക്കാശ് തിബര്യാസിന്റെ വാഴ്ച്ചക്കാലത്തേതായിരുന്നു, കാരണം അവനായിരുന്നു യെഹൂദന്മാരുടെ മേൽ കരം ചുമത്തിയിരുന്നത്. ആ നാണയങ്ങളിലൊന്നിനെ കുറിച്ച് എവറെറ്റ് ഫെർഗൂസൻ ചൂണ്ടി കാണിച്ചത്, അതിന്മേൽ, ചക്രവർത്തിയുടെ തലയും കഴുത്തിൽ റീത്തും, മേലെഴുത്ത് ആയി “തിബര്യാസ് സീസർ ഔഗുസ്തോസ്, സൺ ഓഫ് ദ ഡിവൈൻ അഗസ്റ്റസ്” എന്നും ഉണ്ടായിരുന്നു. പുറകുവശത്ത് പലപ്പോഴും കാണുന്നത് തിബര്യാസിന്റെ അമ്മ ലിവ്യയാണ്, അത് പാക്സ് അല്ലെങ്കിൽ രോമാ ദേവതയെയാണ് പ്രതിനിധാനം ചെയ്യുന്നത്. കൂടെ “മഹാപുരോഹിതൻ”[7] എന്ന മേലെഴുത്തുമുണ്ടാകും.

**വാക്യം 21.** മേലെഴുത്തും **കൈസറുടെ** രൂപവും ആളുകൾ കൃത്യമായി തിരിച്ചറിഞ്ഞപ്പോൾ, യേശു മറുപടി പറഞ്ഞു, “**അപ്പോൾ കൈസർക്കുള്ളത് കൈസർക്ക്.**” നാണയം കൈസറിന്റെ രൂപവും മേലെഴുത്തും വെച്ച് കൈസറാണ് ഇറക്കിയത്, അതിനാൽ അവന് അതു തിരികെ കൊടുക്കണം എന്നതായിരുന്നു യേശു കണ്ട ന്യായം. “കൊടുക്ക” എന്ന ക്രിയ (*അപോഡിഡോമി*) കടമായുള്ളത് കൊടുക്കുന്നതിനെയാണ് പറയുന്നത്.[8] അത് വാക്യം 17 ലെ “നൽകുക” (*ഡിഡോമി*) എന്ന വാക്കിനേക്കാൾ ശക്തമാണ്. കൈസറുടെ നാണയം ചോദിച്ച ചോദ്യം തന്നെ കൈസർക്ക് കരം കൊടുക്കാൻ ബാധ്യതയുണ്ട് എന്നു വെളിപ്പെടുത്തുന്നതാണ് എന്ന് ലിയോൺ മോറിസ് നിരീക്ഷിക്കുകയുണ്ടായി.[9] ആ സന്ദേശം കരം കൊടുക്കുവാൻ മടിച്ചിരുന്ന പരീശന്മാർക്ക് യോജിച്ചതായിരുന്നു.[10]

**ദൈവത്തിനുള്ളത് ദൈവത്തിനു** കൊടുപ്പാനും യേശു അവരോട് പറഞ്ഞു. യേശു കൈസറുടെ രൂപം കാണിച്ച് വിഗ്രഹാരാധനയെ പ്രോൽസാഹിപ്പിക്കുകയായിരുന്നില്ല; ദൈവത്തെ മാത്രമാണ് ദൈവമായി കാണേണ്ടതും ആരാധിക്കേണ്ടതും (4:10; ദാനി. 4:28-37; പ്രവൃ, 12:20-23). ദൈവം നിത്യമായിട്ടാണ് പ്രപഞ്ചത്തെ വാഴുന്നത്, എന്നാൽ റോമാ ചക്രവർത്തിമാർ ഏതാനും വർഷത്തേക്കു മാത്രമാണ് വാഴുന്നത്. ഗവൺമെന്റിന് ഒരു സ്ഥാനമുണ്ട്, അതിന്റെ പ്രവർത്തനത്തിന് കരം ആവശ്യവുമാണ് എന്നത്രെ യേശു അർത്ഥമാക്കിയത്. അതുപോലെ ഓരോ വ്യക്തിയും ദൈവത്തോടു കടപ്പെട്ടിരിക്കുന്നു. മനുഷ്യർക്കാ ദൈവത്തിന്റെ രൂപം ഉള്ളതിനാൽ (ഉല്. 1:27; 5:1), അവരുടെ ജീവിതം തന്നെ അവന്നു കടപ്പെട്ടിരിക്കുകയാണ് (റോമർ. 12:1, 2). ലൗകികരായ ഹെരോദ്യർ കേൾക്കേണ്ട സന്ദേശമായിരുന്നു അത്.

**വാക്യം 22.** യേശു പറഞ്ഞ ഉത്തരത്തിൽ ചോദ്യകർത്താക്കൾ വിസ്മയിച്ചു പോയി. യെഹൂദ പുരുഷാരത്തെയോ റോമൻ അധികാരികളെയോ ശത്രുക്കളാക്കാതെ, അവൻ സത്യസന്ധമായിട്ടായിരുന്നു ഉത്തരം നൽകിയത്. ആളുകളുടെ മുൻപിൽവെച്ച് തങ്ങൾ കൂടുതൽ ഇളിഭ്യരാകാതിരിക്കുവാൻ, പരീശ ശിഷ്യന്മാരും ഹെരോദ്യരും സ്ഥലം വിട്ടു.

## പുനരുത്ഥാനത്തെ കുറിച്ചുള്ള ചോദ്യം (22:23-33)

**[23]പുനരുത്ഥാനം ഇല്ല എന്നു പറയുന്ന സദൂക്യരും അന്നു അവന്റെ അടുക്കൽ വന്നു, [24]“ ‘ഗുരോ ഒരുത്തൻ മക്കളില്ലാതെ മരിച്ചാൽ അവന്റെ സഹോദരൻ അവന്റെ ഭാര്യയെ ദേവരവിവാഹം കഴിച്ച് തന്റെ സഹോദരന്നു സന്തതിയെ ജനിപ്പിക്കണം’ എന്നു മോശെ കൽപിച്ചുവല്ലൊ. [25]എന്നാൽ ഞങ്ങളുടെ ഇടയിൽ ഏഴ് സഹോദരന്മാർ ഉണ്ടായിരുന്നു, അവരിൽ ഒന്നാമത്തവൻ വിവാഹം കഴിച്ചശേഷം മരിച്ചു. സന്തതി ഇല്ലായ്കയാൽ ഭാര്യയെ സഹോദരന്നു വിട്ടേച്ചു. [26]രണ്ടാമത്തവനും മൂന്നാമത്തവനും ഏഴാമത്തവൻ വരെയും ഇങ്ങനെ തന്നെ. [27]എല്ലാവരും മരിച്ചിട്ട് ഒടുവിൽ സ്ത്രീയും മരിച്ചു. [28]എന്നാൽ പുനരുത്ഥാനത്തിൽ അവൾ ഈ ഏഴുപേരിൽ ആർക്കു ഭാര്യയാകും? എല്ലാവർക്കും ആയിരുന്നുവല്ലോ” എന്നു ചോദിച്ചു.**

**[29]അതിന്നു യേശു ഉത്തരം പറഞ്ഞത്: “നിങ്ങൾ തിരുവെഴുത്തുകളെയും ദൈവശക്തിയേയും അറിയായ്കകൊണ്ട് തെറ്റിപ്പോകുന്നു. [30]പുനരുത്ഥാനത്തിൽ അവർ വിവാഹം കഴിക്കുന്നില്ല, വിവാഹത്തിനു കൊടുക്കപ്പെടുന്നതുമില്ല സ്വർഗത്തിലെ ദൂതന്മാരെ പോലെ അത്രേ ആകുന്നു. [31]മരിച്ചവരുടെ പുനരുത്ഥാനത്തെ കുറിച്ചോ ദൈവം അരുളിച്ചെയ്തിരിക്കുന്നത് നിങ്ങൾ വായിച്ചിട്ടില്ലയോ? [32]‘ഞാൻ അബ്രഹാമിന്റെ ദൈവവും യിസഹാക്കിന്റെ ദൈവവും യാക്കൊബിന്റെ ദൈവവും ആകുന്നു’ എന്ന് അവൻ അരുളിച്ചെയ്യുന്നു; എന്നാൽ അവൻ മരിച്ചവരുടെ ദൈവമല്ല, ജീവനുള്ളവരുടെ ദൈവം അത്രെ.” [33]പുരുഷാരം ഇതു കേട്ടിട്ട് അവന്റെ ഉപദേശത്തിൽ വിസ്മയിച്ചു.**

**വാക്യം 23. അന്ന്** എന്നു പറയുന്നത് മുൻപ് നടന്ന ഏറ്റുമുട്ടലുമായി കാലനിർണ്ണയം യോജിക്കുന്നതാണ്. സ്പഷ്ടമായും, യേശുവിന്റെ അധികാരത്തെ ചോദ്യം ചെയ്തതും (21:23–27), അവന്റെ ഉപമകളും (21:28–22:14), ഈ ഏറ്റുമട്ടലും (22:15–46) എല്ലാം സംഭവിച്ചത് കഷ്ടാനുഭവാഴ്ച്ചയിലെ ചൊവ്വാഴ്ച്ചയായിരുന്നു.

ഈ സമയത്ത് **യേശു**വിനെ സമീപിച്ചത് യെഹൂദന്മാരിൽ കുലീനാധിപത്യ വിഭാഗമായ **സദൂക്യർ** ആയിരുന്നു (3:7; 16:1 ന്റെ പരാമർശം നോക്കുക). ചെറുതായിരുന്നുവെങ്കിലും, ശക്തമായിരുന്ന ആ സംഘം തങ്ങളുടെ സ്വാധീനം യെരുശലേമിൽനിന്നു വ്യാപിപ്പിച്ചിരുന്നു. ശമര്യക്കാരെ പോലെ അവരും, മോശെയുടെ അഞ്ചുപുസ്തകങ്ങൾ - പെന്റെടൂക്ക് - മാത്രം ദൈവവചനമായി സ്വീകരിച്ചിരുന്നുള്ളു.[11] പഴയനിയമത്തിലെ മറ്റു പുസ്തകങ്ങളുടെ ആധികാരികത അവർ തള്ളിക്കളഞ്ഞിരുന്നു, കൂടാതെ പരീശന്മാരുടെ വാമൊഴിയായ സമ്പ്രദായങ്ങളെയും അവർ ത്യജിച്ചിരുന്നു.

പരീശന്മാരിൽനിന്നു വ്യത്യസ്തമായി, സദൂക്യർ ആത്മാവിന്റെ അമർത്യ

തയെയും, മരണാനന്തരജീവിതത്തെയും, പ്രതിഫലം, ശിക്ഷ എന്നിവയെയും, അല്ലെങ്കിൽ മരിച്ചവരുടെ **പുനരുത്ഥാനത്തെയും** അവർ വിശ്വസിച്ചിരുന്നില്ല. (പ്രവൃ. 23:8).[12] മോശെ ന്യായപ്രമാണത്തിൽ പുനരുത്ഥാനത്തെ കുറിച്ചു വ്യക്തമായി ഒന്നും പറയാതിരുന്നതിനാൽ, അവർ ആ ആശയത്തെ തന്നെ തള്ളിക്കളഞ്ഞിരുന്നു. ആ വാദത്തെ കുറിച്ചുണ്ടായ സംഘർഷം പിന്നീട് റബ്ബിമാരുടെ സാഹിത്യത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. മിഷ്നാ പറയുന്നതനുസരിച്ച്, തോറയിൽനിന്നു രൂപപ്പെട്ടതാണ് പുനരുത്ഥാനത്തെ കുറിച്ചുള്ള ഉപദേശം തള്ളിക്കളഞ്ഞത്-അതിൽ സദൂക്യരും ഉൾപ്പെടുന്നു - അവർക്ക് വരുവാനുള്ള ലോകവുമായി ഒരു ബന്ധവുമില്ലായിരുന്നു.[13]

തന്റെ ശുശ്രൂഷയിൽ യേശുവിന്റെ മുഖ്യ എതിരാളികൾ പരീശന്മാരായിരുന്നു എങ്കിൽ, ആരംഭ സഭയുടെ ശത്രുക്കൾ സദൂക്യരായിരുന്നു. അപ്പൊസ്തലന്മാർ "യേശുവിന്റെ നാമത്തിൽ, മരിച്ചവരിൽനിന്നുള്ള ഉയർത്തെഴുന്നേൽപിനെ" കുറിച്ചു പ്രസംഗിച്ചു എന്നതായിരുന്നു അതിന്റെ കാരണം (പ്രവൃ. 4:1, 2). യേശുവിന്റെ കാലത്ത് അവർ പ്രാധാന്യമുള്ളവരായിരുന്നു എങ്കിലും, ഏ. ഡി. 70-ൽ യെരുശലേം നശിപ്പിക്കപ്പെട്ടശേഷം അവർ അപ്രത്യക്ഷരായി.

**വാക്യം 24**. പരീശ ശിഷ്യന്മാരേയും ഹെരോദ്യരേയും പോലെ (22:15), സദൂക്യരും യേശുവിനെ കുടുക്കുവാനായിരുന്നു സമീപിച്ചത് (16:1 നോക്കുക). അവനെ ഗുരോ എന്ന് വിളിച്ച് അവർ ന്യായപ്രമാണത്തിൽനിന്ന് ഉദ്ധരിക്കുവാൻ തുടങ്ങി (അത് അവർ അംഗീകരിച്ചിരുന്നു): ‘‘ **‘ഗുരോ, ഒരുത്തൻ മക്കളില്ലാതെ മരിച്ചാൽ, അവന്റെ സഹോദരൻ അവന്റെ ഭാര്യയെ ദേവരവിവാഹം കഴിച്ച് തന്റെ സഹോദരന്നു സന്തതിയെ ജനിപ്പിക്കേണം എന്നു മോശെ പറഞ്ഞു.’** ” ഇത് ആവർത്തനപുസ്തകം 25:5, 6 ലെ സമാന്തരവേദഭാഗമാണ്, അതിനെ സാധാരണ ലേവിറേറ്റ് പ്രമാണം എന്നു വിളിച്ചിരുന്നു. ലാറ്റിൻ വാക്ക് *ലേവിർ* എന്നതിൽനിന്നാണ് ആ വാക്ക് വരുന്നത്, അതിനർത്ഥം "അ-ളിയ-ൻ" എന്നാണ്. ഒരാൾ വിവാഹം കഴിച്ച് മക്കളില്ലാതെ ഭാര്യ മരിച്ചാൽ, അവന്റെ സഹോദരൻ ആ വിധവയെ വിവാഹം കഴിച്ച്, മരിച്ച ആൾക്ക് വേണ്ടി മക്കളെ ജനിപ്പിക്കണം.

പല പുരാതന സമൂഹങ്ങളിലും ലേവിറേറ്റ് പരിശീലനം പതിവാക്കിയിരുന്നു. അത് കുടുംബസ്വത്തും മരിച്ച ആളുടെ പേരും നിലനിർത്തുന്നതിനായിരുന്നു. ന്യായപ്രമാണം നൽകുന്നതിനു അനേകം വർഷങ്ങൾക്ക് മുൻപ് തന്നെ ലേവിറേറ്റ് പരിശീലനം നിലനിന്നിരുന്നു. തന്റെ സഹോദരന് മക്കളെ ജനിപ്പിക്കുവാൻ കൂട്ടാക്കാതിരുന്ന യെഹൂദയുടെ മകൻ ഒനാനെ കൊന്നത് ആ പരിശിലനത്തിന്റെ ഗൗരവത്തെ ആണ് വ്യക്തമാക്കുന്നത് (ഉല്. 38:8-10). ലേവിറേറ്റ് പരിശീലനം മോശെയുടെ ന്യായപ്രമാണത്തോടൊപ്പം നിയമമാക്കിയതിനാൽ അതിനെ ഗൗരവമായാണ് പരിഗണിച്ചിരുന്നത്; അതിനെ ആരെങ്കിലും ലംഘിച്ചാൽ അത് പാപമായിട്ടാണ് കണക്കാക്കിയിരുന്നത് (ആവ. 25:7-10).

**വാക്യങ്ങൾ 25-27**. ലേവിറേറ്റ് നിയമം എടുത്തുകാണിച്ചശേഷം, സദൂക്യർ പിന്നെ **ഏഴ് സഹോദരന്മാരുടെ** ഒരു സംഭവമാണ് വിവരിക്കുന്നത്. മൂത്ത സഹോദരൻ **വിവാഹം** കഴിക്കുകയും മക്കളില്ലാതെ **മരിക്കുകയും** ചെയ്തു. ലേവിറേറ്റ് നിയമപ്രകാരം, അവൻ തന്റെ അടുത്ത **സഹോദരനാണ് ഭാര്യയെ വിട്ട് പോകുന്നത്**. ഏഴു സഹോദരന്മാരിൽ ശേഷിച്ച എല്ലാവർക്കും ഈ നടപടി ബാധകമായിരുന്നു. അവസാനം അവളും **മരിച്ചു**.

വാസ്തവത്തിൽ സംഭവിച്ച ഒരു കാര്യം പോലെയാണ് അവർ ഇത് യേശു

വിനോട് അവതരിപ്പിച്ചത്. എങ്ങനെയായാലും, പുനരുത്ഥാനം അസാധ്യമാണെന്നു കാണിക്കുവാനായിരുന്നു ആ സംഭവത്തെ അവർ അവതരിപ്പിച്ചത്. തീർച്ചയായും, ഒരു സ്ത്രീ മച്ചിയല്ലെങ്കിൽ, ഏഴുപേരെ വിവാഹം കഴിക്കേണ്ടി വരികയില്ല. ഒരുപക്ഷെ അപോക്രിഫയിൽനിന്നായിരിക്കാം അവർ മെനഞ്ഞെടുത്ത സംഭവം. അവർ സഹോദരന്മാരാണോ എന്നു പറയുന്നില്ലെങ്കിലും, ടോബിറ്റ് പുസ്തകത്തിൽ, സാറ എന്നു പേരുള്ള ഒരു സ്ത്രീ ഏഴുപേരെ വിവാഹം ചെയ്തിരുന്നതായി പറയുന്നുണ്ട്. ഓരോന്നിലും വിവാഹം വാസ്തവത്തിൽ നടക്കുന്നതിനു മുൻപ് ഒരു ഭൂതം ഭർത്താവിനെ കൊല്ലുകയായിരുന്നു.[14]

**വാക്യം 28**. ലേവിറേറ്റ് പരിശീലനവും, അസാധാരണമായ ഒരു സംഭവവും വിവരിച്ചശേഷം, സദൂക്യർ ചോദിച്ചു, "**എന്നാൽ പുനരുത്ഥാനത്തിൽ, അവൾ ആ ഏഴുപേരിൽ ആർക്കു ഭാര്യയാകും?**" ഒരുപക്ഷെ അവർ ഇതേ ചോദ്യവുമായി പരീശന്മാരെ നേരിട്ടുകാണും.[15] ഇത്തരം വാദഗതിയെ *റിഡക്ടിയോആഡ് അബ്സർഡം* എന്നാണ് വിളിച്ചിരുന്നത്. പരിശോധനയെ പരിഹാസ്യമാക്കുകയാണ്. പരിഹാസ്യമായ സാഹചര്യത്തിലേക്ക് നയിക്കുന്ന കൽപന ദൈവം നൽകുകയില്ല എന്നാണ് സദൂക്യർ വിശ്വസിച്ചിരുന്നത്.[16]

ഭൂമിയിൽ ആയിരിക്കുന്നതുപോലെ തന്നെയായിരിക്കും പുനരുത്ഥാനശേഷവും എന്ന തെറ്റായ വിശ്വാസത്തിൽനിന്നാകാം സദൂക്യർ ആ ചോദ്യം ചോദിച്ചത്. ബഹുഭാര്യാത്വം യെഹൂദന്മാർക്കിടയിൽ ധാരാളം ഉണ്ടായിരുന്നതിനാൽ, അടുത്ത ജീവിതത്തിലും പല ഭാര്യമാരുള്ള പുരുഷന്മാരുണ്ടാകും എന്ന ധാരണ അവർക്കിടയിലുണ്ടായിരുന്നു. പഴയ നിയമത്തിൽ അത്തരം പരിശീലനം നിലവിലുണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എങ്ങനെയായാലും, ഒരു സ്ത്രീക്ക് ഒരേസമയത്ത് ഒന്നിലധികം ഭർത്താവെന്നു പറയുന്ന ആശയം (ബഹുഭാര്യാത്വം) അവർക്ക് മനസിലാക്കാവുന്നതായിരുന്നില്ല. ഒരു സ്ത്രീ ഒന്നിനുശേഷം മറ്റൊന്ന് എന്ന നിലയിൽ *ഏഴു*പേരെ വിവാഹം കഴിക്കുന്ന സദൂക്യരുടെ ആശയം പരിഹാസ്യമായിരുന്നു.

**വാക്യം 29**. അതിനു പ്രതികരണമായി, ആ അദ്ധ്യക്ഷന്മാരോട് അവർ "തെറ്റിപ്പോയി" അല്ലെങ്കിൽ **തെറ്റിലാണ്** എന്നു **യേശു** പറഞ്ഞു (എൻഐവി). ഇവിടെ ഉപയോഗിച്ച ഗ്രീക്ക് ക്രിയ (*പ്ലാനാവോ*) "അകന്നു പോകുക" അല്ലെങ്കിൽ "തെറ്റിപ്പോകുക" എന്നർത്ഥം. അത് 18:12-ൽ, ആടുകൾ ചിതറിപ്പോകുന്നതിനെ ഉദ്ദേശിച്ചാണ് ഉപയോഗിച്ചിരിക്കുന്നത്. പിന്നെ കർത്താവ്, അവരിൽ രണ്ട് കുറ്റാരോപണങ്ങൾ ഉന്നയിച്ചു. ഒന്ന് **തിരുവെഴുത്തുകളെ** കുറിച്ച് അവർ അജ്ഞരാണ് എന്നു പറഞ്ഞു. ആ പോയിന്റ് വാക്യം 31 ലും 32 ലും വിപുലമാക്കിയിരിക്കുന്നു. രണ്ട്, അവർ **ദൈവശക്തിയെ** കുറിച്ചും മനസിലാക്കിയിട്ടില്ല എന്നു പറഞ്ഞു. ഈ കുറ്റപ്പെടുത്തൽ വാക്യം 30-ൽ വിശദമാക്കിയിരിക്കുന്നു.

**വാക്യം 30**. ആളുകളെ മാറ്റുവാനുള്ള കഴിവ് ദൈവത്തിനുണ്ട് എന്നാണ് യേശു പറഞ്ഞത്: "**പുനരുത്ഥാനത്തിൽ അവർ വിവാഹം കഴിക്കുന്നില്ല; വിവാഹത്തിനു കൊടുക്കപ്പെടുന്നുമില്ല**." രണ്ട് കാഴ്ച്ചപ്പാടിലാണ് വിവാഹത്തെ വിശദമാക്കിയിരിക്കുന്നത്: "വിവാഹം കഴിക്കുക" എന്നു പറഞ്ഞിരിക്കുന്നത് പുരുഷൻ സ്ത്രീയെ വിവാഹം ചെയ്യുന്നതിനെയും, "വിവാഹത്തിനു കൊടുക്കപ്പെടുക" എന്നത് ഒരു സ്ത്രീയെ വിവാഹം ചെയ്തു കൊടുക്കുന്നതിനെയാണ് പറയുന്നത്, അവളുടെ അപ്പനാണ് വിവാഹം ചെയ്തു കൊടുക്കുന്നത്.

ഭൂമിയിൽ വെച്ചു നടക്കുന്ന ഇത്തരം കാര്യങ്ങൾ സ്വർഗത്തിൽ ഇല്ല എന്നാണ് യേശു പറഞ്ഞത്. വരുവാനുള്ള ലോകത്തിൽ ആളുകൾ ദൂതന്മാരെ *പോലെ* ആകും (*ഏഞ്ചലോസ്*), എന്നാൽ അവർ ദൂതന്മാ*രായി* തീരുകയില്ല.[17] അവരുടെ ആത്മിയ സ്വഭാവം നിമിത്തം അവർ വിവാഹം കഴിക്കുകയോ ഉൽപാദനം നടത്തുകയോ ചെയ്യുന്നില്ല.

ബൈബിളിനു പുറത്തുള്ള യെഹൂദ സാഹിത്യത്തിലും ഇതേ ചിന്തകൾ കാണാം. ഉദാഹരണമായി, താൽമൂദ് പറയുന്നു,

> [ഭാവിലോകം ഈ ലോകം പോലെയല്ല.] ഭാവിലോകത്തിൽ, ഭക്ഷണമോ, പാനിയമോ, ജനിപ്പിക്കലോ, അല്ലെങ്കിൽ വ്യാപാരമോ, അസൂയയോ, മൽസരമോ, വെറുപ്പോ ഇല്ല, എന്നാൽ നീതിമാന്മാർ അവരുടെ തലയിൽ കിരീടം ധരിച്ച് ദൈവിക സാന്നിധ്യത്തിന്റെ പ്രഭയിൽ ആഘോഷഭരിതരായിരിക്കും.[18]

ഇപ്പോഴത്തേതിൽനിന്നു വ്യത്യസ്തമായിരിക്കും വരുവാനുള്ള ശരീരം എന്ന് പുതിയനിയമത്തിലെ മറ്റു വേദഭാഗങ്ങൾ വ്യക്തമാക്കുന്നു (1 കൊ. 15:35-58; 1 യോഹ. 3:2).

**വാക്യങ്ങൾ 31, 32.** പുനരുത്ഥാനത്തിൽ ആളുകളെ മാറ്റുവാൻ ദൈവത്തിനു ശക്തിയുണ്ടെന്നു പറഞ്ഞശേഷം, യേശു തിരുവെഴുത്തുകളെ കുറിച്ചുള്ള സദൂക്യരുടെ അജ്ഞതയിലേക്ക് തിരിഞ്ഞു (22:29). റബ്ബിമാരുടെ ശൈലിയിൽ, അവൻ പഴയനിയമ ഭാഗം ഉദ്ധരിച്ചു ചോദിച്ചു, "**നിങ്ങൾ വായിച്ചിട്ടില്ലയോ ...?**" (12:3, 4 ന്റെ പരാമർശം നോക്കുക). അവൻ പിന്നെ ദൈവം **അരുളിച്ചെയ്ത ... വാക്കുകൾ** അവരെ ബോധ്യമാക്കി. മുൾപ്പടർപ്പ് കത്തുന്ന സാഹചര്യത്തിലെ വിവരണമായ "മോശെയുടെ പുസ്തകത്തിൽ" നിന്നുള്ള വാക്കുകൾ യേശു അവരോട് പറഞ്ഞു (മർ. 12:26).

സദൂക്യരുടെ ശ്രമം പുനരുത്ഥാനം ഇല്ല എന്നു തെളിയിക്കുവാനായിരുന്നു എന്നു യേശു മനസിലാക്കിയതുകൊണ്ട്, അവൻ പിതാക്കന്മാരുടെ പേരെടുത്ത് പുനരുത്ഥാനമുണ്ടെന്ന് തെളിയിക്കുവാൻ തിരുവെഴുത്തിലേക്ക് തിരിഞ്ഞു. അവൻ പ്രത്യേക വേദഭാഗം ഉദ്ധരിക്കാതെ, എല്ലാവർക്കും സുപരിചിതമായ ഒന്നാണ് പറഞ്ഞത്. പുറപ്പാട് 3:6 ലെ ദൈവത്തെ തിരിച്ചറിയിച്ചിരിക്കുന്നതാണ് പറഞ്ഞത്: "**ഞാൻ അബ്രഹാമിന്റെ ദൈവവും, യിസഹാക്കിന്റെ ദൈവും, യാക്കൊബിന്റെ ദൈവവുമാകുന്നു.**" അബ്രഹാമും, യിസഹാക്കും, യാക്കൊബും ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടെന്നും, ദൈവം ഇപ്പോഴും അവരുടേയും ദൈവം ആകുന്നു എന്നുമാണ് അവൻ അർത്ഥമാക്കിയത് (8:11; ലൂക്കൊ. 13:28; 16:22-31; യോഹ. 8:56). അവൻ ഇങ്ങനെ അവസാനിപ്പിച്ചു, "**അവൻ മരിച്ചവരുടെ ദൈവമല്ല, ജീവനുള്ളവരുടെ ദൈവമാണ്.**"

പഴയനിയമത്തിൽ പുനരുത്ഥാന വിഷയം പ്രാധാന്യമുള്ളതായിരുന്നില്ലെങ്കിലും, അതിന്റെ യാഥാർത്ഥ്യത്തെ കുറിച്ച് - പല വേദഭാഗങ്ങളും - ചുരുങ്ങിയത് സൂചനയെങ്കിലും നൽകി - പഠിപ്പിക്കുന്നുണ്ട്.[19] എങ്ങനെയായാലും, അത് ന്യായപ്രമാണത്തിൽ വ്യക്തമായി *പഠിപ്പിച്ചിരു*ന്നില്ല. സദൂക്യർ ആദ്യത്തെ അഞ്ചുപുസ്തകം മാത്രം ആധികാരികമെന്ന് കരുതി സ്വീകരിച്ചിരുന്നതിനാൽ, അതിൽ *അന്തർലീനമായി* പറഞ്ഞിരിക്കുന്നതാണ് യേശു അവരോട് പറഞ്ഞത്. പിന്നീട്, "സെക്ടേറിയൻസ്" എന്ന വിഭാഗക്കാരോട് പറയുന്നതിന് താൽമൂദിൽ

ഈ ആശയം ഉപയോഗിച്ചിരിക്കുന്നു, കാരണം സദൂക്യരും മറ്റു ചിലരും പുനരുത്ഥാനത്തെ എതിർത്തിരുന്നു. "ആദ്യത്തെ അഞ്ചു പുസ്തകങ്ങളിൽനിന്ന് എങ്ങനെ ഉരുത്തിരിഞ്ഞു വന്നു?" എന്ന ചോദ്യം ഉയർന്നിരുന്നു. അങ്ങനെയുള്ള ഉപദേശം പഠിപ്പിക്കുവാൻ റബ്ബിമാർ പല വേദഭാഗങ്ങളും ഉദ്ധരിച്ചിരുന്നു (പുറ. 6:4; സംഖ്യ. 18:28; ആവ. 4:4; 11:21; 31:16),[20] പക്ഷെ അവ ഒന്നും തന്നെ യേശു ബോധ്യമാക്കിയതുപോലെ ബോധ്യമാകുന്നതായിരുന്നില്ല എന്നു തോന്നുന്നു.[21]

**വാക്യം 33.** യേശുവിന്റെ മറുപടി കേട്ടപ്പോൾ, **പുരുഷാരം ... അവന്റെ ഉപദേശത്തിൽ വിസ്മയിച്ചു** (22:22, 46 നോക്കുക). ലൂക്കൊസ് 20:39, 40 പറയുന്നു, "ശാസ്ത്രിമാരിൽ ചിലർ പറഞ്ഞു, 'ഗുരോ നീ പറഞ്ഞതു ശരി' എന്ന് ഉത്തരം പറഞ്ഞു. പിന്നെ അവനോട് ഒന്നും ചോദിപ്പാൻ അവർ തുനിഞ്ഞതുമില്ല."

## ഏറ്റവും വലിയ കൽപന ഏതെന്ന ചോദ്യം (22:34-40)

**[34]സദൂക്യരെ അവൻ മിണ്ടാതാക്കിയപ്രകാരം കേട്ടിട്ട് പരീശന്മാർ ഒന്നിച്ചുകൂടി, [35]അവരിൽ ഒരു വൈദികൻ അവനെ പരീക്ഷിച്ചു; [36]"ഗുരോ, ന്യായപ്രമാണത്തിൽ ഏതു കൽപന വലിയത്" എന്നു ചോദിച്ചു. [37]യേശു അവനോട്, " 'നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും, പൂർണ്ണ മനസോടും, പൂർണ്ണാത്മാവോടും കൂടെ സ്നേഹിക്കേണം, [38]ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കൽപന. [39]രണ്ടാമത്തേത് അതിനോട് സമം, കൂട്ടുകാരനെ നിന്നെ പോലെ തന്നെ സ്നേഹിക്കേണം.' [40]ഈ രണ്ടു കൽപനകളിൽ സകല ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു എന്നു പറഞ്ഞു."**

**വാക്യം 34.** പരീശ ശിഷ്യന്മാരേയും ഹെരോദ്യരേയും യേശുവിന്റെ അടുക്കലേക്ക് അയച്ചത് അവനെ കുടുക്കുവാനായിരുന്നു, പക്ഷെ ആ പുരുഷന്മാർ അതിൽ പരാജയപ്പെട്ടു (22:15, 16, 22). സദൂക്യരും തങ്ങളാൽ ആവോളം യേശുവിനു അവമതിപ്പുണ്ടാക്കുവാൻ ശ്രമിച്ചു, പക്ഷെ അവരും വിജയിച്ചില്ല (22:23, 33). ജ്ഞാനത്താലുള്ള അവന്റെ ഉത്തരത്താൽ അവൻ അവരെ മിണ്ടാതാക്കി. "മിണ്ടാതാക്കി" എന്ന വാക്ക് (*ഫിമൂ*) വാക്യം 12-ൽ തർജിമ ചെയ്തിരിക്കുന്നത് "സംസാരിക്കാത്ത," അക്ഷരികമായ അർത്ഥം "വായ്പ്പൂട്ട്" എന്നാണ്. ഇതിനെ കുറിച്ച് **പരീശന്മാർ കേട്ടിട്ട്**, ഒന്നിച്ചുകൂടി യേശുവിനെതിരായി കൂടിയാലോചിച്ചു.

**വാക്യം 35.** ഈ പരീശന്മാരും യേശുവിനെ കുടുക്കുവാൻ ശ്രമിച്ച് പരാജയപ്പെട്ടവരാണ്. അവർ തിരഞ്ഞെടുത്ത് അയച്ച ആൾ പ്രാഗത്ഭ്യമില്ലാതിരുന്നതാകാം പരാജയപ്പെട്ടതിന്റെ ഒരു കാരണം. ചോദിച്ച ചോദ്യകർത്താക്കളിൽ വെച്ച് ഈ മനുഷ്യനായിരുന്നു ഏറ്റവും ആത്മാർത്ഥതയുള്ളവൻ എന്നു തോന്നുന്നു. **അവരിൽ ഒരാൾ ന്യായശാസ്ത്രി** (*നോമികോസ്*) ആയിരുന്നു എന്നാണ് മത്തായി പറഞ്ഞിരിക്കുന്നത്. രണ്ടാമത്തെ വാക്ക് പല കയ്യെഴുത്തുപ്രതികളിലും ഒഴിവാക്കിയിരുന്നു, പകർത്തിയെഴുതിയവർ ലൂക്കൊസ് 10:25-ൽ നിന്നെടുത്തതാണെന്ന് ചിലർ വിശ്വസിക്കുന്നു - അവിടെ അതുപോലെയുള്ള മറ്റൊരു സംഭവമാണ് പറയുന്നത്.[22] യെഹൂദ സന്ദർഭത്തിൽ, "ന്യാ

യശാസ്ത്രി" എന്ന വാക്ക് സൂചിപ്പിക്കുന്നത്, മോശെയുടെ ന്യായപ്രമാണ ത്തിൽ വിദ്യാഭ്യാസമുള്ള, "*തോറാ* പ്രാവീണ്യമുള്ളവൻ" ആണ് (ജെഎൻടി). ആ മനുഷ്യനെ ആ വാക്കിന്റെ പര്യായമായ "ശാസ്ത്രി" (*ഗ്രാമാറ്റെയസ്*) എന്നാണ് പറഞ്ഞിരിക്കുന്നത്. ചോദ്യം അവൻ സ്വയമായി ചോദിച്ചതാണെന്ന് അന്തർലീനമാക്കിയിരിക്കുന്നു (മർ. 12:28). ഒരു ശാസ്ത്രിയുടെ ജോലി ന്യാ യപ്രമാണം വ്യാഖ്യാനിക്കുകയും വാമൊഴിയാലുള്ള പ്രമാണത്തെ പ്രാ യോഗികമാക്കുകയും ചെയ്യുക എന്നതാണ് (2:4 ന്റെ പരാമർശം നോക്കുക).

**വാക്യം 36**. യേശുവിനെ പരീക്ഷിച്ച്, ശാസ്ത്രി ചോദിച്ചു, "**ഗുരോ, ന്യാ യപ്രമാണത്തിൽ ഏതു കൽപന വലിയത്?**" യെഹൂദ പണ്ഡിതന്മാർക്കിട യിൽ ഈ ചോദ്യം വാദഗതിയുയർത്തിയിരുന്നു. ഒരു പൊതുവായ പ്രസ്താ വനയായി അഥവാ ഒരൊറ്റ കൽപനയായി ന്യായപ്രമാണത്തെ ചുരുക്കുവാൻ അവർ ആഗ്രഹിച്ചിരുന്നു. ഇതേ ചോദ്യം താൽമൂദിലും കാണാം: "തോറയിലെ ആവശ്യമുള്ളതെല്ലാം ക്രോഡീകരിച്ച ഏറ്റവും ചെറിയ വേദഭാഗം ഏതാണ്?"[23] അവിടെ നൽകിയ ഉത്തരം സദൃശവാക്യം 3:6 ൽനിന്നുള്ളതാണ്: "നിന്റെ എല്ലാ വഴികളിലും അവനെ നിനച്ചുകൊൾക, അവൻ നിന്റെ പാതകളെ നേ രെയാക്കും." ആ ഉത്തരം ആദ്യത്തെ അഞ്ചുപുസ്തകങ്ങളിൽനിന്നല്ല, മറിച്ച് സദൃശവാക്യങ്ങളിൽനിന്നാണെന്നത് രസകരമാണ്.

ന്യായപ്രമാണത്തിൽ മോശെക്ക് 613 നിയമങ്ങൾ ലഭിച്ചിരുന്നു എന്നാണ് റബ്ബി സിംലായി പഠിപ്പിച്ചിരുന്നത്. എങ്ങനെയായാലും, അവയെ ദാവീദ് പതി നൊന്നായും (സങ്കീ. 15), യെശയ്യാവ് ആറായും (യെശ. 33:15), മൂന്നായി മീഖാ യും (മീഖാ. 6:8), യെശയ്യാവ് വീണ്ടും രണ്ടായും (യെശ. 56:1), ആമോസ് ഒന്നാ യും (ആമോ. 5:4), ഹബക്കൂക്ക് ഒന്നായും (ഹബ. 2:4), ചുരുക്കിയിരുന്നു.[24]

**വാക്യങ്ങൾ 37, 38**. യേശു ശാസ്ത്രിയോട് പ്രതികരിച്ചു, "**നിന്റെ ദൈവ മായ യഹോവയെ പൂർണ്ണഹൃദയത്തോടും, പൂർണ്ണാത്മാവോടും, പൂർണ്ണ മനസോടുംകൂടെ സ്നേഹിക്കുക**.'' ഈ ഉദ്ധരണി എടുത്തിരിക്കുന്നത്, ആവർത്തനപുസ്തകം 6:5 ൽനിന്നാണ്. എബ്രായ വേദഭാഗം ഇവിടെ "ഹൃദ യം," "ആത്മാവ്," "ശക്തി" എന്നീ മൂന്നു വാക്കുകളാലാണ് പറയുന്നത്. മത്തായിയുടെ ഉദ്ധരണിയിൽ "ശക്തി" ഒഴിവാക്കി "മനസ്" ഉൾപ്പെടുത്തിയിരി ക്കുന്നു. മർക്കൊസിന്റേയും ലൂക്കൊസിന്റേയും ഉദ്ധരണിയിൽ അവർ മൂന്നു വാക്കുകൾക്ക് പകരം നാല് വാക്കുകൾ ഉപയോഗിച്ചിരിക്കുന്നു: "ഹൃദയം," "ആത്മാവ്," "മനസ്," "ശക്തി" (മർ. 12:30; ലൂക്കൊ. 10:27). സെപ്ത്വജിന്റ് ഉപയോഗിച്ചതിനാലായിരിക്കാം സംക്ഷിപ്ത സുവിശേഷങ്ങളിൽ വ്യത്യാ സങ്ങളുള്ളത്. ചില പുരാതന കോപ്പികളിൽ ഇതിന്റെ ഗ്രീക്ക് തർജിമയിൽ എബ്രായ വാക്ക് "ഹൃദയം" എന്നതിന് (*ലെബ്*) പകരം "മനസ്" (*ഡയാനോ യിയാ*) എന്നാണ്.

ശേമായെ തുടർന്നാണ് **വലുതും ഏറ്റവും മുഖ്യവുമായ കൽപന**. ശേമാ ശരിക്കും വരുന്നത് ആവർത്തനപുസ്തകം 6:4 ലാണ്, "ഏറ്റവും വലിയ കൽപന" ആവർത്തനപുസ്തകം 6:5 ലാണ്. വിപുലീകരിച്ച്, സംഖ്യാപുസ്തകം 5:37–41 അടക്കമുള്ള, മറ്റുവേദഭാഗങ്ങൾ ശേമായോടു ഇണങ്ങിച്ചേരുന്നു (കൂ ടാതെ ആവ. 11:13–21 നോക്കുക). പ്രാർത്ഥനയുടെ ആദ്യവാക്കിൽനിന്നാണ് "ശേമാ" രൂപപ്പെട്ടത് (*ശാമാ*), അതിനർത്ഥം "കേൾക്കുക" എന്നാണ് (ആവ. 6:4). മർക്കൊസ് പറഞ്ഞതനുസരിച്ച്, യേശുവും പ്രതികരിച്ചു പറഞ്ഞു: "യിസ്രായേലേ കേൾക്ക; നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്"

(മർ. 12:29).

**വാക്യം 39**. ഏറ്റവും വലിയ കൽപന ഏതെന്ന ശാസ്ത്രിയുടെ ചോദ്യത്തിന് യേശു മറുപടി പറഞ്ഞശേഷം (22:36), തുടർന്നു പറഞ്ഞു, "**രണ്ടാമത്തേത് അതിനോട് സമം; 'നിന്റെ കൂട്ടുകാരനെ നിന്നെ പോലെ തന്നെ സ്നേഹിക്ക'** "[25] (5:43; 19:19; റോമർ. 13:9, 10; ഗലാ. 5:14; യാക്കൊ. 2:8; 1 യോഹ. 4:21). ഉദ്ധരണി സെപ്ത്വജിന്റിലെ ലേവ്യപുസ്തകം 19:18 ൽനിന്നാണ്. ക്രിസ്തുവിനു മുൻപും പിൻപുമുള്ള മറ്റു ഉപദേഷ്ടാക്കന്മാർ അയൽക്കാരനോട് നന്നായി പെരുമാറേണ്ടതിന്റെ പ്രാധാന്യം ഊന്നി പറഞ്ഞിരിക്കുന്നു. സുവർണ്ണനിയമം നിഷേധരൂപത്തിൽ ന്യായപ്രമാണത്തെ ചുരുക്കി റബ്ബി ഹിലേൽ പറഞ്ഞിരിക്കുന്നു: "നീ വെറുക്കുന്നത് അയൽക്കാരന് ചെയ്യാതിരിക്കുക."[26] "നിന്റെ അയൽക്കാരനെ നിന്നെ പോലെ തന്നെ സ്നേഹിക്ക" എന്നാണ് റബ്ബി അകിബ പറഞ്ഞത്, അത് "തോറയിലെ ഏറ്റവും വലിയ തത്വമാണ്."[27] അതുമായുള്ള ബന്ധത്തിൽ, ആരാണ് ഒരാളുടെ "കൂട്ടുകാരൻ" എന്ന് ലൂക്കൊസിന്റെ സുവിശേഷത്തിൽ, യേശു നിർവ്വചിച്ചിരിക്കുന്നത്, അത്യാവശ്യമുള്ളയാൾക്ക് സഹായിക്കുവാനുള്ള കഴിവാണ് (ലൂക്കൊ. 10:29-37).

**വാക്യം 40**. യേശു അവസാനിപ്പിച്ചു, "**ഈ രണ്ടു കൽപനകളിൽ സകല ന്യായപ്രമാണങ്ങളും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു.**" പത്തുകൽപനകളിലെ ആദ്യത്തെ നാലെണ്ണം ദൈവത്തെ സ്നേഹിക്കുമ്പോഴും, ബാക്കി ആറെണ്ണം കൂട്ടുകാരനെ സ്നേഹിക്കുമ്പോഴും നിറവേറപ്പെടുന്നു എന്നു പറയപ്പെട്ടിട്ടുണ്ട് (പുറ. 20:1-17; ആവ. 5:6-21). അത് സത്യമാണെങ്കിൽ, ക്രിസ്തു പറഞ്ഞത് അതിനേക്കാൾ ഉപരിയാണ്. ഇവിടെ "സകല ന്യായപ്രമാണങ്ങളും പ്രവാചകന്മാരും" എന്നു പറഞ്ഞിരിക്കുന്നത്, എബ്രായ ബൈബിൾ മുഴുവനും ഉൾപ്പെടുത്തിയാണ്. "ആശ്രയിക്കുക" (*ക്രമാന്നുമി*) എന്നത് "ബന്ധപ്പെടുക" എന്നും അർത്ഥമാക്കുന്നു (കെജെവി). "ഒരു വാതിൽ വിജാകിരിയാൽ ബന്ധിപ്പിക്കുന്നതുപോലെ, [പഴയനിയമം] മുഴുവൻ ആ രണ്ടു കൽപന [കളിൽ] ബന്ധിച്ചിരിക്കുന്നു."[28]

ശാസ്ത്രി യേശുവിന്റെ ഉത്തരങ്ങൾ വലിയ ഉൾക്കാഴ്ച്ചയോടെ, പൂർണ്ണമായും അംഗീകരിച്ചു (മർ. 12:32, 33). യേശു അവനോട് പ്രീതി പൂണ്ട് പറഞ്ഞു, "നീ ദൈവരാജ്യത്തോട് അകന്നവനല്ല" (മർ. 12:34).

## മശിഹയെ കുറിച്ചുള്ള ചോദ്യം (22:41-46)

**41 പരീശന്മാർ ഒരുമിച്ചു കൂടിയിരിക്കുമ്പോൾ യേശു അവരോട്, 42 "ക്രിസ്തുവിനെ കുറിച്ച് നിങ്ങൾക്ക് എന്തു തോന്നുന്നു? അവൻ ആരുടെ പുത്രൻ?" എന്നു ചോദിച്ചു; "ദാവീദിന്റെ പുത്രൻ" എന്ന് അവർ പറഞ്ഞു. 43 അവൻ അവരോട്, ''എന്നാൽ ദാവീദ് ആത്മാവിൽ അവനെ കർത്താവ് എന്നു വിളിക്കുന്നത് എങ്ങനെ?"**

**44 " 'ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠം**
**"ആക്കുവോളത്തിന് എന്റെ വലത്തുഭാഗത്ത് ഇരിക്ക**
**എന്ന് കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു" എന്നു അവൻ പറയുന്നുവല്ലൊ.' "**

**"ദാവീദ് അവനെ 'കർത്താവ്' എന്നു പറയുന്നുവെങ്കിൽ, അവന്റെ പുത്രൻ**

**ആകുന്നത് എങ്ങനെ?" എന്നു ചോദിച്ചു.**
**[45]അവനോട് ഉത്തരം പറവാൻ ആർക്കും കഴിഞ്ഞില്ല. [46]അന്നുമുതൽ ആരും അവനോട് ഒന്നും ചോദിപ്പാൻ തുനിഞ്ഞതുമില്ല.**

**വാക്യം 41.** പ്രഭാതത്തിൽ തന്നെ **യേശു** ദൈവാലയത്തിൽ ഉപദേശിപ്പാൻ തുടങ്ങി (21:23). റോമൻ നിയമത്തിന് എതിരാക്കുവാനോ, ന്യായപ്രമാണ ലംഘിയാക്കുവാനോ, അവന്റെ ശത്രുക്കൾ യേശുവിനോട് ചോദിക്കുവാൻ മൂന്നു ചോദ്യങ്ങൾ മെനഞ്ഞുണ്ടാക്കിയിരുന്നു (22:15-40). പ്രതിരോധിക്കുവാൻ പറ്റാത്ത വിധത്തിൽ ആ മൂന്നു ചോദ്യങ്ങൾക്കും യേശു ഉത്തരം പറഞ്ഞു. അവരുടെ ചോദ്യങ്ങൾക്ക് യേശു മറുപടി പറഞ്ഞശേഷം, യേശുവിന്റേതായ **ഒരു ചോദ്യം** അവരോട് ചോദിച്ചു. അടുത്തു തന്നെ കൂടിയിരുന്നു യേശുവിനെതിരായ ഗൂഢാലോചന നടത്തിക്കൊണ്ടിരുന്ന **പരീശന്മാരോടായിരുന്നു** ചോദ്യം (22:34). അവൻ ആ ചോദ്യം ചോദിക്കുമ്പോഴും, യേശു ദൈവാലയത്തിൽ തന്നെയായിരുന്നു എന്ന് മർക്കൊസ് 12:35 ഉറപ്പിക്കുന്നു.

**വാക്യം 42.** "ഞാൻ ആരാകുന്നു?" എന്ന് യേശു ചോദിച്ചില്ല. മുൻപ്, ആ ചോദ്യത്തിന് പത്രൊസ്, "നീ ജീവനുള്ള ദൈവത്തിന്റെ പുത്രൻ ആകുന്നു" എന്ന് ഏറ്റുപറഞ്ഞിരുന്നു (16:15, 16). പകരം അവൻ തന്റെ വ്യക്തിത്വത്തെ കുറിച്ചുള്ള ചോദ്യത്തിന് പരോക്ഷ സമീപനമാണ് സ്വീകരിച്ചത്. അവൻ അവരോട് ചോദിച്ചു, **"ക്രിസ്തുവിനെ കുറിച്ച്, അവൻ ആരാകുന്നു എന്നാണ് നിങ്ങൾ വിചാരിക്കുന്നത്?"** "നിങ്ങൾക്ക് എന്തു തോന്നുന്നു?" എന്നായിരുന്നു അവന്റെ ചോദ്യം, മറ്റൊരു ഭാഗത്ത് ശ്രോതാക്കളുടെ ചിന്ത ഉണർത്തുവാൻ ചോദിക്കുന്നുണ്ട് (17:25; 18:12; 21:28). ഈ അവസരത്തിൽ, അവൻ മശിഹയുടെ ഉത്ഭവത്തെ കുറിച്ചായിരുന്നു.

"**ദാവീദിന്റെ പുത്രൻ**'' എന്ന് അവർ ശരിയായി ഉത്തരം പറഞ്ഞു. യേശു മനഃപ്പൂർവ്വം അവരെക്കൊണ്ട് ആ ഉത്തരം പറയിക്കുകയായിരുന്നു. വിജയപ്രവേശനമെന്ന നിലയിൽ രണ്ടു ദിവസം മുൻപ് ഞായറാഴ്ച്ചയായിരുന്നു യേശു കഴുതപ്പുറത്ത് കയറി യെരുശലേമിൽ എത്തിയത്. ആ സമയത്ത് അവനെ പുകഴ്ത്തിയത്, "ദാവീദിന്റെ പുത്രൻ" എന്നായിരുന്നു (21:9). തിങ്കളാഴ്ച്ച ശിശുക്കൾ "ദാവീദ് പുത്രന്ന് ഹോശന്നാ പാടിയപ്പോൾ" മഹാപുരോഹിതന്മാരും ശാസ്ത്രിമാരും കോപിഷ്ടരായിരുന്നു (21:15, 16). പഴയനിയമ പ്രവചനം നിറവേറുന്നു എന്ന സൂചനയായിരുന്നു മശിഹയുടെ പദവിയായ "ദാവീദിന്റെ പുത്രൻ" എന്ന് അവനെ വിളിച്ചത് (1:1; 9:27; 12:23).

**വാക്യം 43.** യേശു രണ്ടാമത് ഒരു ചോദ്യം ചോദിച്ചു: "**എന്നാൽ ദാവീദ് ആത്മാവിൽ അവനെ കർത്താവ് എന്ന് വിളിച്ചത് എങ്ങനെ?**'' അവൻ "അറിയപ്പെടുന്നതിൽനിന്നു" (ക്രിസ്തു ദാവീദിന്റെ സന്തതി) അറിയപ്പെടാത്തതിലേക്ക് (ദാവീദിന്റെ കർത്താവായ ക്രിസ്തു) നീങ്ങിയത് അവർ സമ്മതിക്കേണ്ടതിനായിരുന്നു. "യേശുവിനെ മുൻപ് *ദാവീദ് പുത്രൻ* എന്നു വിളിച്ചപ്പോൾ അതിനെ ആളുകൾ നിശബ്ദമാക്കിയിരുന്നു." ലേവിസ് പറഞ്ഞു, "ഇപ്പോൾ അവൻ പറയുന്നത്, തനിക്ക് നൽകിയതായ പേർ വളരെ ചെറുതാണ്."[29] അനേകം സങ്കീർത്തനങ്ങൾ എഴുതിയ ദാവീദ് പരിശുദ്ധാത്മ നിയോഗത്താലായിരുന്നു അത് എഴുതിയതെന്നാണ് കർത്താവ് പറഞ്ഞത് (2 ശമു. 23:2; പ്രവൃ. 1:16; 2:30; 2 പത്രൊ. 1:21). ആരംഭത്തിൽ എഴുതിയതിൽ "ദാവീദിന്റെ സങ്കീർത്തനം" എന്നു എഴുതിയതിനു ശേഷം ഉയർന്ന എഴുത്താണ് സങ്കീർത്തനങ്ങൾ 110.

**വാക്യം 44.** ഉദ്ധരണി സങ്കീർത്തനങ്ങൾ 110:1 ൽനിന്നു വന്നതാണ്, അത് സെപ്ത്വജിന്റിലേതുമായി (LXX) അടുത്തു നിൽക്കുന്നു:

**" 'ഞാൻ നിന്റെ ശത്രുക്കളെ**
**നിന്റെ പാദപീഠം ആക്കുവോളത്തിന്**
**എന്റെ വലത്തുഭാഗത്തിരിക്ക.' "**

ഈ പ്രധാനപ്പെട്ട വേദഭാഗം പുതിയ നിയമത്തിൽ പല ഭാഗങ്ങളിൽ ഉദ്ധരിച്ചിട്ടുണ്ട്.[30] എബ്രായ ഭാഷയിൽ, ആദ്യത്തെ "കർത്താവും" (ദൈവത്തിന്റെ പേരായ *യാഹ്*) രണ്ടാമത്ത "കർത്താവും" (*അഡോൺ*) തമ്മിൽ വ്യത്യാസം വരുത്തിയിട്ടുണ്ട്. യേശുക്രിസ്തുവിനെ പിതാവിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെടുന്നതിനെയാണ് വേദഭാഗം വിരൽ ചൂണ്ടുന്നത്. ശത്രുക്കളെ അവന്റെ പാദപീഠത്തിലാക്കുക എന്നത് അവന്നു കീഴ്പ്പെടുന്നതിനെ ആലങ്കാരികമായി പറഞ്ഞിരിക്കുന്നു.

എബ്രായ വേദപുസ്തകത്തിൽ "പാദപീഠം" എന്ന വാക്ക് അവസാനത്തെ വരിയിലാണുള്ളത്: "നിന്റെ *ശത്രുക്കളെ നിന്റെ പാദപീഠത്തിലാക്കു*വോളം" (എംഫസിസ് ആഡഡ്). പുരാതന രാജാക്കന്മാരുടെ കാൽക്കീഴിൽ അവരുടെ (ശത്രുക്കൾ വന്നു കുമ്പിടുന്ന) ചിത്രങ്ങൾ ഭൂഗർഭ ശാസ്ത്രജ്ഞന്മാർ കണ്ടെടുത്തിട്ടുണ്ട്.[31]

**വാക്യം 45.** ഒരു ചോദ്യം കൂടെ ചോദിച്ചുകൊണ്ട് യേശു അവസാനിപ്പിച്ചു, "**ദാവീദ് അവനെ കർത്താവ് എന്നു വിളിച്ചു എങ്കിൽ, പിന്നെ അവന്റെ പുത്രനാകുന്നതെങ്ങനെ?**" മശിഹ ദാവീദിന്റെ പുത്രൻ ആണെങ്കിൽ, പിന്നെ ദാവീദ് ദൈവശ്വാസിയമായി അവനെ "കർത്താവ്" എന്നു വിളിച്ചത് എന്തുകൊണ്ട്? എന്തൊരു സംഭ്രമജനകമായ ചോദ്യം! ഒരു മുൻഗാമി തന്റെ പിൻഗാമിയെ എപ്പോഴെങ്കിലും "കർത്താവ്" എന്നു വിളിക്കുന്നത് വളരെ അപൂർവ്വമാണ്. മശിഹ എങ്ങനെ ദാവീദിൽനിന്ന് വന്ന്, അവനേക്കാൾ ശ്രേഷ്ഠമായിതീരുന്നു? ഒരേസമയത്ത് മശിഹ "ദാവീദിന്റെ സന്തതിയും" "കർത്താവും" ആകണമെങ്കിൽ, അവൻ ജഡത്തിൽ ജനിക്കുന്നതിനു മുൻപ് ദൈവം ആയിരിക്കണം (യോഹ. 8:56–58 നോക്കുക). താൻ ദൈവാലയത്തേക്കാളും, യോനയെക്കാളും, ശലോമോനെക്കാളും വലിയവനാണ് എന്ന് യേശു അവകാശപ്പെടുകയുണ്ടായി (12:6, 41, 42). ഇപ്പോൾ, താൻ ദാവീദിനേക്കാൾ വലിയവനാണെന്ന് പരോക്ഷമായി പറയുകയാണ്.

**വാക്യം 46.** യേശു **അന്ന്** തന്നെ വിമർശിച്ചവരെ മിണ്ടാതാക്കി. ആ ആഴ്ച്ചയുടെ ശേഷിച്ച ദിവസങ്ങളിലൊന്നിലും അവനോട് **ഒന്നും ചോദിക്കുവാൻ** അവർ തുനിഞ്ഞില്ല - അതായത്, അവസാനം അവനെ നിന്ദ്യമായി പരിഹസിക്കുന്നതുവരെ. നിശബ്ദരായിരുന്നുവെങ്കിലും അവരാരും പരിവർത്തനം ചെയ്തില്ല. അവർ അവനെ മുമ്പത്തേക്കാളും വെറുക്കുകയും, അവനെ ആളുകളുടെ വലിയ എതിർപ്പ് കൂടാതെ എങ്ങനെ പിടിക്കാമെന്നായിരുന്നു അവരുടെ ആലോചന.

**രണ്ടു മൗഢ്യമായ ചോദ്യങ്ങളും രണ്ടു നല്ല ചോദ്യങ്ങളും (22:15-46)**

ശപഥം ചെയ്ത ശത്രുക്കൾ അസാധാരണ കൂട്ടുകെട്ടുണ്ടാക്കി. യേശുവിന്റെ ശത്രുക്കൾ ഒന്നിച്ച് ചേർന്ന് അവനെ കുടുക്കുവാൻ ചോദ്യങ്ങൾ ചോദിച്ചു. കൈസർക്ക് കരം കൊടുക്കുന്നത് വിഹിതമോ എന്ന് അവർ ചോദിച്ചു (22:15–22). ആ ചോദ്യത്താൽ അവർക്ക് അവനെ കുടുക്കുവാൻ കഴിഞ്ഞില്ല. സ്വർഗത്തിൽ ഒരു സ്ത്രീക്ക് എത്ര ഭർത്താക്കന്മാർ വരെ ആകാം എന്ന് അവർ അവനോട് ചോദിച്ചു (22:23–33). ഫലത്തിൽ, യേശു മറുപടി പറഞ്ഞു, “നിങ്ങൾക്ക് ബൈബിൾ അറിയായ്കയാൽ ഞാൻ ലജ്ജിക്കുന്നു!”

ചോദ്യങ്ങളിൽ വെച്ച് ഏറ്റവും വലിയ രണ്ട് ചോദ്യങ്ങൾ 22:34–46–ൽ കാണാം. യേശു അവയ്ക്ക് ഏറ്റവും വലിയ രണ്ട് ഉത്തരങ്ങളും നൽകി (22:37–40). “കൽപനകളിൽ വെച്ച് വലിയത് ഏത്?” എന്ന ശാസ്ത്രിയുടെ ചോദ്യത്തിന് (22:36), ദൈവം നമ്മോട് ആവശ്യപ്പെടുന്നതെല്ലാം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് *അഗാപെ* സ്നേഹത്തിലാണ് എന്ന് കർത്താവ് പറഞ്ഞു. രണ്ടാമത്തെ ചോദ്യം നാം നമ്മോടു തന്നെ ചോദിക്കണം – “ക്രിസ്തുവിനെ കുറിച്ച് നിങ്ങൾക്ക് എന്തു തോന്നുന്നു? അവൻ ആരുടെ മകൻ?” (22:42) – ഉത്തരത്തിൽ നിത്യത അന്തർലീനമായിരിക്കുന്നു. യേശു ദൈവപുത്രൻ ആകുന്നു, നാം അവന്റെ ശബ്ദം കേട്ട് അനുസരിക്കണം (17:5 നോക്കുക).

**കരം കൊടുക്കുന്നതിനെ കുറിച്ചുള്ള ചോദ്യം (22:15-22)**

കരം കൊടുക്കുന്നതിനെ യേശു ഒരിക്കലും എതിർത്തില്ല. അവൻ ചുങ്കക്കാരനായിരുന്ന മത്തായിയെ–വിളിച്ച് അവന്റെ അപ്പൊസ്തലന്മാരിൽ ഒരാളാക്കി (9:9). അവൻ ചുങ്കക്കാരെയും (കരം പിരിക്കുന്നവർ), യെരിഹോവിലെ മുഖ്യ ചുങ്കം പിരിവുകാരനായിരുന്ന സക്കായിയെയും, പാപികളെയും അവൻ സ്വീകരിച്ചു (ലൂക്കൊ. 19:1–10). പരീശന്റേയും ചുങ്കക്കാരന്റേയും പ്രാർത്ഥനയുടെ ഉപമയിൽ, ചുങ്കക്കാരൻ നീതീകരിക്കപ്പെട്ടതായും, പരീശൻ കുറ്റം വിധിക്കപ്പെട്ടതായും പറയുന്നു (ലൂക്കൊ. 18:9–14). വാസ്തവത്തിൽ, ആളുകൾ നിന്ദ്യമായി കരുതിയിരുന്ന കരം രാജ്യത്തിന്റെ നന്മക്കായി നൽകുവാനായിരുന്നു യേശു പറഞ്ഞത്. വഷളായ പൗരോഹിത്യ കാലയളവിലും യേശു ദൈവാലയ നികുതി കൊടുത്തിരുന്നു (17:24–27).

ഭരണത്തിലിരിക്കുന്നത് ഏതു ഗവൺമെന്റാണെങ്കിലും ഓരോ ക്രിസ്ത്യാനിയും നികുതി കൊടുക്കണം. ദൂഷണവും, വിഗ്രഹാരാധനയും ഉള്ള ഭരണാധികാരിയാണെങ്കിൽ പോലും, “കൈസർക്കുള്ളത് കൈസർക്ക് കൊടുക്കുന്നതിൽ” ഒരു വിട്ടുവീഴ്ച്ചയും യേശു വരുത്തിയില്ല. “അധികാരം ദൈവത്താൽ നൽകിയതാകയാൽ” സകല അധികാരസ്ഥാനങ്ങൾക്കും കീഴ്പ്പെടുവാൻ അപ്പൊസ്തലനായ പൗലൊസ് ജീവിച്ചിരുന്നപ്പോൾ സാർവ്വദേശിയമായ കൽപന കൊടുത്തിരിക്കുന്നു (റോമർ 13:1). ആ പ്രബോധനത്തോട് പത്രൊസും യോജിക്കുന്നു (1 പത്രൊ. 2:13–15). ഗവൺമെന്റിനോട് എതിർക്കുന്നത് ദൈവത്തോട് എതിർക്കുന്നതിന് തുല്യമാണ്, നികുതി കൊടുക്കാതിരിക്കുന്നത് ദൈവകൽപന അനുസരിക്കാതിരിക്കുന്നതാണ്. ഭരണാധികാരികൾക്ക് നികുതി ചുമത്തുവാൻ അവകാശമുണ്ട്, എന്നാൽ മതപരമായ പരിശീലനത്തിൽ ഇടപെടുവാൻ അവർക്ക് അവകാശമില്ല. അവർ അങ്ങനെ ചെയ്താൽ, ദൈവം

അവർക്ക് വെച്ചിരിക്കുന്ന അതിരിനപ്പുറം പോകുകയായിരിക്കും അവർ ചെയ്യുന്നത്. അപ്പോൾ ക്രിസ്ത്യാനികൾക്ക് പ്രതിരോധിക്കുവാനുള്ള അവകാശമുണ്ട്.

**പുനരുത്ഥാനം (22:23-33)**

ദൈവത്തിൽ വിശ്വസിക്കുന്നവർക്ക് മരണാനന്തരജീവിതത്തിലും പുനരുത്ഥാനത്തിലും വിശ്വസിക്കാതിരിപ്പാൻ കഴിയുന്നതെങ്ങനെ? പുനരുത്ഥാനത്തിൽ വിശ്വസിക്കാതിരുന്ന ചില ക്രിസ്ത്യാനികളെ പൗലൊസ് കൊരിന്തിൽ കണ്ടുമുട്ടിയിരുന്നു. അവർ ഗ്രീക്ക് തത്വചിന്തയുടെ സ്വാധീനത്താലായിരുന്നു അങ്ങനെ കരുതിയത്, ആ തത്വം പറയുന്നത് ശരീരം പാപമുള്ളതും, ആത്മാവ് മരണത്തോടുകൂടി ഇല്ലാതാകുന്ന ഊർജ്ജമാണ് എന്നത്രെ. ആ ഊർജ്ജം പ്രപഞ്ചത്തിലേക്കോ അല്ലെങ്കിൽ ഏതെങ്കിലും ദേവനിലേക്കോ ലയിക്കുന്നു എന്നാണ് അവർ വിചാരിച്ചിരുന്നത്. പുനരുത്ഥാനത്തെ സംശയിച്ചിരുന്ന സദൂക്യരുടേയും മറ്റും ചിന്താഗതിയെ നിഷേധിക്കുന്നതായിരുന്നു പൗലൊസ് കൊരിന്ത്യർക്ക് നൽകിയ ഉപദേശം.

കൊരിന്തിലുണ്ടായിരുന്ന പുനരുത്ഥാനത്തിൽ വിശ്വസിക്കാതിരുന്ന ആളുകൾ, ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ് വിശ്വസിച്ചവരായിരുന്നു, പക്ഷെ അവരുടെ സ്വന്ത പുനരുത്ഥാനത്തെയായിരുന്നു വിശ്വസിക്കാതിരുന്നത്. ക്രിസ്തു ഉയർത്തെഴുന്നേറ്റില്ലെങ്കിൽ, നാം ഉയിർക്കുകയില്ല, ക്രിസ്തു ഉയർത്തെഴുന്നേറ്റു എങ്കിൽ നാമും തീർച്ചയായും ഉയിർത്തെഴുന്നേൽക്കും എന്നായിരുന്നു പൗലൊസ് പറഞ്ഞത് (1 കൊ. 15:12-19). പുനരുത്ഥാനത്തെ കുറിച്ച് പൗലൊസ് ഏഴ് തീർപ്പുകൾ നൽകിയിരിക്കുന്നു:

1. കൊരിന്ത്യയിലുള്ളവർ ക്രിസ്ത്യാനികൾ ആയപ്പോൾ, ക്രിസ്തു ഉയിർത്തെഴുന്നേറ്റ വസ്തുത സ്വീകരിച്ചവരായിരുന്നു, ആയതിനാൽ അവർക്ക് ഉയിർത്തെഴുന്നേൽപ് തള്ളിക്കളയുവാൻ സാധ്യമല്ലായിരുന്നു.

2. ക്രിസ്തു ഉയർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ആരും ഉയിർക്കുകയില്ല. ആ തീർപ്പിലെത്തിയാൽ അതിന്റെ അനന്തരഫലത്തെയും പൗലൊസ് നിരത്തിയിരിക്കുന്നു.

3. ക്രിസ്തു ഉയർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ, സുവിശേഷ പ്രസംഗം അർത്ഥശൂന്യവും, വ്യർത്ഥവുമത്രെ.

4. ക്രിസ്തു മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ, ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനെ കണ്ട പൗലൊസ് തുടങ്ങിയ അനവധി ദൃക്സാക്ഷികൾ ഭോഷ്ക്ക് പറയുന്നതായി വരും.

5. ക്രിസ്തു മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ, അവരുടെ വിശ്വാസം വ്യർത്ഥവും, അർത്ഥശൂന്യവുമാകും. മരിച്ചിട്ട് ജീവിക്കാത്തവനിൽ വിശ്വസിച്ചാൽ എന്തു പ്രത്യാശയാണുള്ളത്? എല്ലാവരും മരിക്കും. യേശു മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ, അവൻ മറ്റു അറിയ-പ്പെടുന്ന രക്ഷകരിൽ നിന്നു വ്യത്യസ്തനാകുന്നില്ലല്ലോ.

6. ക്രിസ്തു ഉയർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ, നാം രക്ഷക്കുള്ള പ്രത്യാശയില്ലാതെ ഇപ്പോഴും നമ്മുടെ പാപത്തിൽ തന്നെയാണ് ഇരിക്കുന്നത്. നമ്മുടെ പാപങ്ങളെ ശുദ്ധീകരിപ്പാനുള്ള ശക്തിയും അവന്റെ രക്തത്തിനില്ലായെന്നു വരും.

7. ക്രിസ്തു ഉയർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ, കർത്താവിൽ നിദ്ര പ്രാപിച്ചവർ വെറുതെ നശിച്ചുപോകുമെന്ന അനന്തര ഫലം ഒരുപക്ഷെ ഏറ്റവും തിക്തമായിരിക്കുമല്ലൊ - കാരണം കല്ലറക്കപ്പുറം ഒരു പ്രത്യാശയുമില്ലല്ലൊ.

ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപിന്റെ ശക്തമായ ആ വാദഗതി ഉന്ന യിച്ചശേഷം പൗലൊസ് പറഞ്ഞു, "ഈ ആയുസിൽ മാത്രം നാം ക്രിസ്തുവിൽ പ്രത്യാശ വെച്ചിരിക്കുന്നു എങ്കിൽ നാം സകല മനുഷ്യരിലും അരിഷ്ടന്മാ രത്രെ" (1 കൊ. 15:19). അവൻ പറഞ്ഞു, "എന്നാൽ ക്രിസ്തു നിദ്ര കൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽനിന്നു ഉയിർത്തെഴുന്നേറ്റിരിക്കുന്നു" (1 കൊ. 15:20).

**ലേവിറേറ്റ് നിയമം (22:23-28)**

മോശെ ന്യായപ്രമാണത്തിൽ ഉൾപ്പെടുത്തുന്നതിന് വളരെ മുൻപ് തന്നെ ദൈവം ലേവിറേറ്റ് നിയമം അംഗീകരിച്ചു എന്ന്, യെഹൂദയുടെ മകൻ ഓനാ ന്റെ സംഭവം വ്യക്തമാക്കുന്നു. "ഓനാൻ നിലത്തു വീഴ്ത്തി [കളഞ്ഞത്]" ദൈവത്തിന് അനിഷ്ടമായതുകൊണ്ട്, ദൈവം അവന്റെ ജീവൻ എടുത്തുക ളഞ്ഞു (ഉല്. 38:8-10).

ആ പരിശീലനത്തിന്റെ മറ്റൊരു ഉദാഹരണം നമുക്ക് രൂത്തിന്റെ പുസ്ത കത്തിൽ കാണാം. രൂത്തിന്റെ ഭർത്താവ് മഹ്ലോൻ മരിച്ചപ്പോൾ, അവന്റെ അമ്മാ-യി-യമ്മ നവോമി, രൂത്തിന് അളി-യൻ എന്ന ഉത്തരവാദിത്വം നിറവേ റ്റുവാൻ ഭർത്താവായി നൽകുവാൻ തനിക്ക് ഇനി പുത്രന്മാരില്ലാത്തതിനാൽ നവോമി വിലപിക്കയുണ്ടായി (രൂത്ത്. 1:11-13). അവസാനം, ബന്ധുവായ ബോ വസ് അവളെ വിവാഹം കഴിച്ച് രൂത്തിന്റെ ഭർത്താവായി. അവളെ വിവാഹം കഴിക്കുവാൻ മഹ്ലോന്റെ ബന്ധത്തിൽ ആരുമില്ലെന്ന് ആദ്യം അവൻ ഉറപ്പു വരുത്തി. അവൻ അത് തീർച്ചയാക്കിയിട്ടാണ് രൂത്തിനെ വിവാഹം ചെയ്ത ത് (രൂത്ത്. 4:1-10). അങ്ങനെ ചെയ്തതിനാൽ, ആ മോവാബ്യ സ്ത്രീ ദാവീദ് രാജാവിന്റെ വംശാവലിയിൽ വരികയും, അവസാനം ആ വംശാവലിയിൽ യേശു ജനിക്കുകയും ചെയ്തു (രൂത്ത്. 4:17, 22; മത്താ. 1:5, 6, 16).

ക്രിസ്തുവിന്റെ കാലത്ത് ലേവിറേറ്റ് നിയമം ഉണ്ടായിരുന്നോ എന്നു ചോദിച്ചേ ക്കാം. പ്രാബല്യത്തിലില്ലായിരുന്നു എന്നതിനും തെളിവില്ല, സദൂക്യർ ആദ്യത്തെ അഞ്ചുപുസ്തകങ്ങൾ സ്വീകരിച്ചിരുന്നതിനാലാണ് ആ നി യമത്തെ അവർ അനുസരിച്ചിരുന്നത്.[32]

**സ്നേഹം (22:34-40)**

രണ്ടു വലിയ കൽപനകളെ യേശു മത്തായി 22:37-39-ൽ പറഞ്ഞിരിക്കു ന്നു. ഈ കൽപനകളെ കുറിച്ച് ബൈബിളിൽ വളരെ കാര്യങ്ങൾ പറയുന്നുണ്ട് (യോശു. 22:5; സങ്കീ. 31:23; യോഹ. 14:15, 21, 23; റോമർ. 8:28; യാക്കൊ. 1:12; 2:5; 1 യോഹ. 4:8, 19, 21). രണ്ടിലും സ്നേഹം ഉൾപ്പെട്ടിരിക്കുന്നു. സ്നേഹത്തി ന്റെ മൂന്നു സ്വഭാവ വിശേഷണങ്ങൾ നമുക്ക് പരിശോധിക്കാം.

1. *നാം പഠിക്കേണ്ട ഒന്നാണ് സ്നേഹം.* നാം സ്നേഹത്തോടെ ജനിക്കു ന്നവരല്ല. അന്ന് യേശുവിന്റെ സദസ്യരോടും ഇന്നു നമ്മോടും സ്നേഹിക്കു വാൻ കൽപിച്ചിരിക്കുന്നു.

2. *നാം ചെയ്യേണ്ട ഒന്നാണ് സ്നേഹം.* മുൻപായി പ്രവർത്തിക്കേണ്ടതാണ് സ്നേഹം. നമ്മുടെ പ്രവൃത്തികൾ സ്നേഹത്തോടുകൂടെയല്ലെങ്കിൽ, നാം പ റയുന്നത് അർത്ഥശൂന്യമാണ്.

3. *ഈ ലോകത്തിനുള്ള ഏക പ്രത്യാശ സ്നേഹമാണ്.* നമ്മുടെ ലോകം സ്നേഹം വീണ്ടും കണ്ടെത്തണം. സ്നേഹത്തെ മാതൃകയാക്കിയതുകൊണ്ടാ

ണ് വരുവാനുള്ള ലോകം യേശുക്രിസ്തുവിനെ അറിയണം എന്നു പറയുന്നത്.

**ദാവീദിന്റെ പുത്രൻ (22:41-46)**

അവൻ ഒരു കപടവേഷധാരിയായിരുന്നു എന്ന് യേശുവിന്റെ കാലത്ത് ജീവിച്ചിരുന്ന ചിലർ വിചാരിച്ചിരുന്നു. വേറെ ചിലർ യോഹന്നാൻ സ്നാപകനെ ഒരു പ്രവാചകനായി കണ്ടിരുന്നതുപോലെ, യേശുവിനെയും ഒരു പ്രവാചകനായിട്ടായിരുന്നു കണ്ടത്. അവൻ ചെയ്ത അത്ഭുതങ്ങൾ നിമിത്തം, അവൻ ദാവീദിന്റെ പുത്രനായ ക്രിസ്തു തന്നെ എന്ന് പലരും വിശ്വസിച്ചിരുന്നു. എങ്ങനെയായാലും, അവന്റെ ഉയിർപ്പിനു മുൻപ്, കുറച്ചു പേർ മാത്രം അവൻ ദൈവപുത്രനാണെന്ന് തിരിച്ചറിഞ്ഞിരുന്നു. അവൻ ദാവീദിന്റെ സന്തതി ആയിരുന്നുവെങ്കിലും, യേശു അത് പ്രദർശിപ്പിച്ചിരുന്നു. അവൻ തീർച്ചയായും, ദാവീദിനേക്കാൾ വലിയവനായിരുന്നു, അവൻ വാസ്തവത്തിൽ, ദാവീദിന്റെ "കർത്താവ്" ആയിരുന്നു.

ഇന്ന് ആളുകൾക്ക്, യേശുവിനെ കുറിച്ച് പല അഭിപ്രായങ്ങളാണുള്ളത്. ചിലർ അവനെ വ്യാജനായി കാണുന്നു. അവൻ വെറും ഉപദേഷ്ടാവായോ, അല്ലെങ്കിൽ ഒരു പ്രവാചകനായോ കാണുന്നവരുമുണ്ട്. എങ്ങനെയായാലും, നാം അവനെ കർത്താവും ക്രിസ്തുവുമായി സ്വീകരിക്കണം (പ്രവൃ. 2:36). അവൻ ആരംഭത്തിൽ ദൈവത്തോടുകൂടെ ആയിരുന്നു, അവൻ ദൈവം ആകുന്നു. അവൻ സൃഷ്ടിത്വത്തിൽ പ്രവർത്തിച്ചിരുന്നു (യോഹ. 1:1–5), നമ്മെ രക്ഷിക്കുവാൻ കാലസമ്പൂർണ്ണതയിൽ അവൻ മനുഷ്യനായി വന്നു (യോഹ. 1:14, 18; ഫിലി. 2:6–11). അവൻ തീർച്ചയായും, "ദൈവം നമ്മോടുകൂടെ" എന്നർത്ഥമുള്ള "ഇമ്മാനുവേൽ" ആണ് (1:23).

ഡേവിഡ് സ്റ്റുവർട്ട്

---

കുറിപ്പുകൾ

[1]റോമൻ അധിനിവേശം ആവശ്യമായ ഒരു തിന്മയായി പരീശന്മാർ അതിനെ സ്വീകരിച്ചിരുന്നു, എന്നാൽ അവർ ഒരിക്കലും ഹെരോദ്യരെ അനുകൂലിച്ചിരുന്നില്ല. [2]യേശുവിനോടു എതിർക്കുവാനായി പരീശന്മാർ സദൂക്യരോട് യോജിച്ചിരുന്നു (16:1 ന്റെ പരാമർശം നോക്കുക). [3]ക്രെയിഗ് എസ്. കീനെർ, *ഏ കമെന്ററി ഓൺ ദ ഗോസ്പെൽ ഓഫ് മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1999), 524, എൻ.200. മുഖസ്തുതിയെ കുറിച്ച് പ്ലൂടാർക് മരാലിയ 48ഈ–74ഈ (*ഒരു സ്നേഹിതനിൽനിന്നുള്ള മുഖസ്തുതിക്കാരനോട് എങ്ങനെ പറയണം*). [4]ജാക് പി. ലേവിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പാർട്ട് 2, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 100. [5]ജോസെഫസ് *ആന്റികിറ്റിസ്* 18.1.1; *വാഴ്സ്* 2.8.1. [6]എവറെറ്റ് ഫെർഗൂസൻ, *ബാക്ഗ്രൗൺഡ്സ് ഓഫ് ഏർലി ക്രിസ്ത്യാനിറ്റി,* 2 ഡ് എഡി. (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1993), 26. [7]ഇബിഡ്., 86. [8]ഗവൺമെന്റ് തത്വം ദൈവത്തിൽനിന്നാണ് (ദാനി. 2:21, 37, 38; റോമർ. 13:1–7; 1 പത്രൊ. 2:13–17). നീതിന്യായവിവസ്ഥയും, നല്ല റോഡുകളും, പൊലിസ് സംവിധാനവും, സൈന്യവും സംരക്ഷിക്കേണ്ടത് ഗവൺമെന്റാണ്. ആളുകളാണ് അവയുടെ ചെലവിനു ആവശ്യമുള്ള പണം നൽകേണ്ടത്. [9]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാതു,* പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്

കമ്പനി., 1992), 557. [10]ലേവിസ, 101.

[11]ജോസെഫസ് *ആന്റികിറ്റിസ്* 18.1.4. [12]ജോസെഫസ് *വാഴ്സ്* 2.8.14. [13]മിഷ്നാ *സാൻഹാദ്രൻ* 10.1. [14]ടോബിറ്റ് 3:7-9. [15]ലേവിസ്, 103. [16]റോബർട്ട് എച്ച്. മൗൺസ്, *മാത്യു*, ന്യൂ ഇന്റർനാഷ്ണൽ ബൈബിൾ കമെന്ററി (പീബഡി, മാസ്.: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1991), 209. [17]ആദ്യത്തെ അഞ്ചു പുസ്തകങ്ങളിൽ ദൂതന്മാരെ കുറിച്ചു പറയുന്നുണ്ടെങ്കിലും, സദൂക്യർ ദൂതന്മാരിലും വിശ്വസിച്ചിരുന്നില്ല (പ്രവൃ. 23:8).നോക്കുക (ഉല്. 16:7; 19:1; 21:17; 22:11; 24:7; 28:12; 31:11; 32:1; 48:16; പുറ. 3:2; 14:19; 23:20; 32:34; 33:2; സംഖ്യ. 20:16; 22:22). [18]താൽമൂദ് *ബെരാകോത്* 17ഏ. [19]ഇയ്യോ. 14:14; 19:25-27; സങ്കീ. 16:9-11; 17:15; 49:15; 73:24-26; യെശ. 25:8; 26:19; 53:10; യെഹെ. 37:1-14; ദാനി. 12:1-3, 13; ഹോശെ. 6:2; 13:14. [20]താൽമൂദ് *സാൻഹാദ്രൻ* 90ബി.

[21]റബ്ബിമാരുടെ ഒരു വേദഭാഗത്തിൽ ഉദ്ധരിച്ചിരിക്കുന്നത് ആവർത്തനപുസ്തകം 32:39 ആണ്, അവിടെ ദൈവം പറഞ്ഞു, “ഞാൻ കൊല്ലുകയും, ജീവിപ്പിക്കയും ചെയ്യും. ഞാൻ മുറിവേൽപിക്കയും, സൗഖ്യമാക്കുകയും ചെയ്യും.” (താൽമൂദ് *സാഹിം* 68ഏ). [22]ബ്രൂസ് എം. മെറ്റ്സ്ജെർ, *ഏ ടെക്സ്ചൽ കമെന്ററി ഓൺ ദ ഗ്രീക്ക് ന്യൂടെസ്റ്റമെന്റ്*, 2 ഡ് എഡി. (സ്റ്റട്ട്ഗാർട്ട്: ജെർമൻ ബൈബിൾ സ്വസൈറ്റി, 1994), 48-49. [23]താൽമൂദ് *ബേരാകോത്* 63ഏ. [24]താൽമൂദ് *മാകോത്* 24 ഏ. [25]ദൈവത്തെയും കൂട്ടുകാരനേയും സ്നേഹിക്കണം എന്ന ആശയം സ്വഡേപിഗ്രഫയിലെ ഏതാനും പുസ്തകങ്ങളിൽ പറയുന്നു. (ടെസ്റ്റമെന്റ് ഓഫ് ഇസാഖാർ 5.2; 7.6; *ടെസ്റ്റമെന്റ് ഓഫ് ഡാൻ* 5.3.) [26]താൽമൂദ് ഷാബാത് 31ഏ. [27]*ജെനസിസ് രാബോത്* 24.7. [28]വാൾട്ടർ ബാവെർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ,* 3 ഡ്. എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് ഡബ്ലിയു. ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 566. [29]ലേവിസ്, 107. [30]മത്താ. 26:64; മർ. 12:36; 14:62; 16:19; ലൂക്കൊ. 20:42, 43; 22:69; പ്രവൃ. 2:34, 35; 1 കൊ. 15:25; എഫെ. 1:20, 22; കൊലൊ. 3:1; എബ്രാ. 1:3, 13; 8:1; 10:12, 13; 12:2.

[31]ഉദാഹരണത്തിന്, നോക്കുക ആൽഫ്രെഡ് ജെ. ഹോർത്, *ആർക്കിയോളജി ആന്റ് ദ ഓൾഡ് ടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക്സ്, 1998), 213. [32]ഏ ട്രാക്ടേറ്റ് ഇൻ ദ മിഷ്നാ, *യെബാമോതത്*, ഈസ് ഡെഡിക്കേറ്റഡ് ടു ദ സബ്ജക്ട് ഓഫ് ലേവിറേറ്റ് മാര്യേജ്.